# ഇസ്ലാമിക് ഫാമിലി ക്ലസ്റ്റർ (IFC)

സ്ത്രീ സമൂഹത്തിന് വലിയ മഹത്വവും സ്വാതന്ത്ര്യം അനുവദിക്കുന്ന മതമാണ് ഇസ്ലാം. ഇസ്ലാം അല്ലാഹുവിന്റെ സത്യസന്ദേശം ആയതിനാൽ അതിൽ ന്യൂനതകൾ ഇല്ലെന്നു നമുക്ക് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പറയാം. അന്ത്യനാൾവരെ ലോകത്ത് സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കും മറുപടി ഇസ്ലാമിലുണ്ട്.ലോകത്ത് വസിക്കുന്ന മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഇസ്ലാമിലെ നിയമസംഹിതകൾ രൂപം കൊടുത്തിട്ടുള്ളത്. സ്ത്രീയും പുരുഷനും അവരവരുടെ ജീവിതക്രമങ്ങളും അവകാശങ്ങളും കടമകളും എല്ലാം അതിൽ ഉൾപ്പെടുന്നു. സാമൂഹിക വളർച്ചക്കു വിജ്ഞാനം അനിവാര്യമാണ്. മനുഷ്യനെ ഇതര ജീവികളിൽ നിന്ന് വേർതിരിക്കുന്നതും സംസ്കാരസമ്പന്നൻ ആക്കുന്നതും നന്മയുടെ വഴി നടത്തുന്നതും വിദ്യാഭ്യാസമാണ്. ആത്മീയ ലൗകിക വിദ്യാഭ്യാസ മനുഷ്യൻ ആർജിചെടുക്കേണ്ട തുണ്ട്. സ്ത്രീയും പുരുഷനും ഒരുപോലെ അറിവ് പഠിക്കേണ്ടതുണ്ട്.സ്ത്രീ വിദ്യാസമ്പന്നയാകുമ്പോഴാണ് കുടുംബവും ധാർമികതയിൽ വളർന്നത്. കുടുംബങ്ങൾ ധാർമികതയിൽ വളരുമ്പോൾ സമൂഹം ഒന്നടങ്കം നന്മയുടെ പ്രചാരകരാവുന്നു.

സ്ത്രീ വിദ്യാഭ്യാസത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട്. അതോടൊപ്പം അതിന്റെ നിയമങ്ങളും ചട്ടങ്ങളും ഇസ്ലാം പറഞ്ഞു വെക്കുന്നുണ്ട്.

പരിധികളും പരിമിതികളും ലംഘിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ രീതി ശരിയല്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വ്യവസ്ഥാപിതമായ ധാരാളം ഓൺ ലൈൻ ഓഫ് ലൈൻ കോഴ്സുകൾ യഥേഷ്ടം ഇപ്പോൾ ലഭ്യമാണ്

എസ് കെ എസ് എസ് എഫ് സംസ്ഥാന കമ്മിറ്റിയുടെ ഇസ്ലാമിക് ഫാമിലി ക്ലസ്റ്റർ (ifc) ആ വിഷയത്തിൽ പുതിയ ഒരുപാട് മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ലോക് ഡൗൺ കാലത്ത് ശളര യുടെ കീഴിൽ നടന്ന ഓൺലൈൻ പഠന കോഴ്സ് പൂർണ്ണാർത്ഥത്തിൽ വിജയകരമായി എന്നു പറയാം. ഒന്നര ലക്ഷത്തിൽ പരം സ്ത്രീകൾ പഠിച്ച് പരീക്ഷയെഴുതി വിജയികളായി എന്നതിന് പ്രാധാന്യം വിളിച്ചോതുന്നു.പഠന നോട്സുകൾ വിതരണം ചെയ്ത് പഠിക്കാനും ചർച്ച ചെയ്യാനും അവസരം നൽകി പരീക്ഷക്ക് സജ്ജമാക്കുന്ന രീതിയാണ് അവലംബിച്ചത്. പരീക്ഷയും ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തിയാണ് നടത്തിയത്. ഐ എഫ് സി ഓൺലൈൻ പഠന കോഴ്സിനു ശേഷം പുതിയ ചില ശ്രദ്ധേയമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഒരുങ്ങുകയാണ്. ആറുമാസം നീണ്ടു നിൽക്കുന്ന പഠനവും ശേഷമുള്ള പരീക്ഷയും വിജയികളായവർക്ക് ബിരുദദാനവും എല്ലാം അടങ്ങുന്ന പദ്ധതികൾ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കാൻ പോവുകയാണ്...

സഹകരണ പ്രതീക്ഷയോടെ....,

**സയ്യിദ് ഹാശിർ അലി ശിഹാബ് തങ്ങൾ പാണക്കാട്**
**(കൺവീനർ ഇസ്ലാമിക് ഫാമിലി ക്ലസ്റ്റർ)**

# അൽ ഫീൽ

അധ്യായം;105, ക്രമം;19,'അൽ കാഫിറൂന'ക്ക് ശേഷം, മക്കീ സൂക്തങ്ങൾ; 5, അർത്ഥം: ആന.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَابِ الْفِيلِ

താങ്കൾ കണ്ടില്ലേ; താങ്കളുടെ രക്ഷിതാവ് ആനക്കാരെ ചെയ്തതെന്തെന്ന്? (1)

**രണ്ട്**

أَلَمْ يَجْعَلْ كَيْدَهُمْ فِي تَضْلِيلٍ

അവരുടെ വഞ്ചന അവൻ പരാജയത്തിൽ കലാശിപ്പിച്ചു(2)

**മൂന്ന്**

وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ

അവൻ അവർക്കു മേൽ പക്ഷിക്കൂട്ടങ്ങളെ നിയോഗിച്ചു(3)

**നാല്**

تَرْمِيهِمْ بِحِجَارَةٍ مِنْ سِجِّيلٍ

അവ അവർക്കു മേൽ ചൂടു കല്ല് എറിയുകയായിരുന്നു(4)

**അഞ്ച്**

فَجَعَلَهُمْ كَعَصْفٍ مَأْكُولٍ

അങ്ങനെ അവനവരെ തിന്നുന്ന വൈക്കോൽ പോലെയാക്കി(5)

ആനക്കലഹം, ആന വർഷം എന്നും മറ്റും അറബികൾക്കിടയിൽ പ്രസിദ്ധമായ സംഭവമാണ് ഈ അധ്യായത്തിൽ പറയപ്പെടുന്നത്. എ.ഡി 570 ഏപ്രിൽ മാസത്തിലാണിതെന്നുണ്ട്. എത്യോപ്യൻ മഹാ രാജാവിനു കീഴിൽ യമൻ ഭരിച്ചിരുന്ന രാജാവായിരുന്ന അബ്റഹതു ബ്നു സ്വാഹുൽ അശ്റം. ഇദ്ദേഹം 'സൻആ'ഇൽ ഒരു കൃസ്ത്യൻ ദേവാലയം പണിതീർത്തു. ഇവരെല്ലാം കൃസ്തുമത വിശ്വാസികളായിരുന്നു. അറബികളെ കഅ്ബയിൽ നിന്ന് അകറ്റലും ക്രൈസ്തവരാക്കലുമായിരുന്നു ലക്ഷ്യം.

ഇതറിഞ്ഞപ്പോൾ അവിടെയും മറ്റുമുള്ള അറബികൾ എതിർത്തു. ഒരുത്തൻ ആ ദേവാലയത്തിൽ കാഷ്ഠിച്ചു. ഇതോടെ കഅ്ബക്കെതിരിൽ അബ്റഹത്ത് രാജൻ യുദ്ധം പ്രഖ്യാപിച്ചു. അത് പൊളിക്കാൻ പന്ത്രണ്ടോളം ആനകളടക്കമുള്ള സൈന്യത്തെ മക്കത്തേക്കയച്ചു. അന്ന് മക്കയുടെ മേധാവിത്വം പ്രവാചക പിതാമഹൻ അബ്ദുൽ മുത്ത്വലിബിനാണ്. സൈന്യം വരുന്ന വഴിയിൽ തന്റെ ഇര്ന്നൂറ് ഒട്ടകങ്ങൾ മേഞ്ഞിരുന്നു. അവർ പലതും കവർച്ച ചെയ്ത കൂട്ടത്തിൽ ഇവയേയും പിടികൂടി.

സൈന്യത്തെ കടന്ന് വരുന്ന വഴിയിൽ ചില അറബ് ഗോത്രങ്ങൾ തടയാൻ ശ്രമിച്ചെങ്കിലും പലരും വധിക്കപ്പെട്ടു. സൈന്യം യാത്ര തുടർന്നു. അത് യുദ്ധം നിരോധിക്കപ്പെട്ട മുഹർറം മാസത്തിലായിരുന്നു. അതിനാൽ ഏറ്റുമുട്ടൽ ഒഴിവാക്കണമെന്ന് മക്കക്കാർ തീരുമാനച്ചു. മാത്രമല്ല, അവർക്ക് തടയാൻ പറ്റിയ സൈന്യമായിരുന്നില്ല അത്. ആനകളെ നേരിടാൻ ഒട്ടകങ്ങൾക്കാകുമോ?

സൈന്യം മക്കക്കരികിലെത്തി.'ഞങ്ങൾ കഅ്ബ പൊളിക്കാൻ വന്നതാണ്;ഞങ്ങളെ തടയുന്നവരെ ഞങ്ങൾ നശിപ്പിക്കും. അല്ലെങ്കിൽ ആരെയും ഒന്നും ചെയ്യില്ല ' എന്നവർ പ്രതിനിധി മുഖേന അബ്ദുൽ മുത്ത്വലിബിനെ അറിയിച്ചു. തന്നെ നേരിൽ കാണാൻ രാജാവ് ഉദ്ധേഷിക്കുന്നുണ്ടെന്നും. അങ്ങനെ അദ്ധേഹം രാജാവിനെ ചെന്നു കണ്ടു. രാജാവ് പറഞ്ഞു:'കഅ്ബ ഞങ്ങൾ പൊളിക്കും; അത് തടയാൻ ശ്രമിക്കരുത്. താങ്കൾക്ക് ഞാനെന്താണ് ചെയ്യേണ്ടത്?' അദ്ധേഹം പറഞ്ഞു;'' എനിക്ക് എന്റെ 200 ഒട്ടകങ്ങൾ തിരിച്ചു തരണം, അത് എന്റെ സ്വത്താണ്. കഅ്ബ അല്ലാഹുവിന്റേതാണ് അത് അവൻ സംരക്ഷിച്ചുകൊള്ളും'' ശേഷം അദ്ധേഹം കഅ്ബയിൽ ചെന്ന് അല്ലാഹുവോട് പ്രാർത്ഥിച്ചു; കഅ്ബയെ രക്ഷിക്കാൻ.

രാജാവ് പ്രതികരിച്ചു:'നിന്റെ അല്ലാഹുവിന് എന്റെ സൈന്യത്തെ തടയാനാകില്ല'. അങ്ങനെ മക്കത്തേക്ക് കടക്കാൻ സൈന്യത്തിന് രാജാവ് ഉത്തരവ് നൽകി. വലിയ കൊമ്പനാനയാണ് മുന്നിൽ. പക്ഷെ, മക്കയുടെ ദിശയിലേക്ക് നടക്കാൻ ആന കൂട്ടാക്കിയില്ല. ഇതോടെ അവർ അമ്പരന്നു. അപ്പോഴതാ മേലെ കുറേ പക്ഷികൾ. സൂക്ഷിച്ചു നോക്കുമ്പോൾ അവയുടെ കാലിലും കൊറ്റിയിലും ചുകന്ന കല്ലുകൾ. പിന്നെ താമസിച്ചില്ല. രാജാവടക്കം മുഴുവൻ പട്ടാളക്കാരന്റെ തലയിലും കല്ല് വീണു. നെറുതല ഉരുക്കി കല്ല് ആമാശയത്തിലെത്തി. ചിലർ മരിച്ചു വീണു. രാജാവടക്കം ചിലർ ശേഷിച്ചു. പക്ഷെ, ക്രമേണ മാറാവ്യാധികൾ ബാധിച്ചു അവരും മരിച്ചു. അബ്റഹത്തിന്റെ പൗത്രനാണ് അസ്ഹമ എന്ന നജ്ജാശീ രാജാവ്. നബി(സ)യുടെ കാലത്ത് ഇദ്ധേഹമാണ് രാജാവ്. പലായനം ചെയ്ത് എത്യോപ്യയിലെത്തിയ സ്വഹാബിമാർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കിയത് താനാണ്. നബി(സ)യുടെ കാലത്ത് തന്നെ മരിച്ചു. നബി(സ)മയ്യിത്ത് നിസ്കരിച്ചു.

ഇതാണ് സംഭവം; പലരും റിപ്പോർട്ട് ചെയ്തപ്പോൾ ചില വ്യത്യസ്തതകളുണ്ടെന്ന് മാത്രം. ഇവിടെ മക്കക്കാർ ചെയ്തത് ബുദ്ധിയാണ്. ഒരിക്കലും ഏറ്റുമുട്ടാനാകാത്ത സൈന്യത്തെ നേരിട്ട് പാറ്റകൾ പോലെ ചാകാൻ പാടില്ല. കഅ്ബയോ മറ്റു പള്ളിയോ ആയാലും. ജീവനും കഴിവുമുണ്ടെങ്കിൽ പള്ളി വീണ്ടും ഉണ്ടാക്കാമല്ലോ. പക്ഷെ, ഇതിന് അബ്ദുൽ മുത്ത്വലിബ് പോലെയുള്ള നേതാക്കൾ വേണം. തീവ്രവാദം ഒന്നും നേടില്ല. ജനങ്ങളുടെ ശരീരവും സമ്പത്തും രക്ഷിക്കലാണ് നേതാവിന്റെ ബാധ്യത. ആദ്യ കാലത്ത് ഇസ്ലാം യുദ്ധം അനുവദിക്കാതിരുന്നത് ഇതുകൊണ്ടാണ്. പിന്നീട് അവതരിച്ച നിയമം 200 ശത്രുവെ നേരിടാൻ 100 പ്രഗത്ഭരും ക്ഷമാശീലരുമായ യോദ്ധാക്കൾ വേണമെന്നാണ്. അതേസമയം ആയുധത്തിലും മറ്റും തുല്യത വേണം. തോക്കും പീരങ്കിയുമായി വരുന്ന സൈന്യത്തെ ഏതാനും പേർ വാൾ കൊണ്ട് നേരിട്ട് മുഴുവനും കൊല്ലപ്പെട്ട ചരിത്രം നമുക്ക് മുമ്പിലുണ്ട്. ഏതിനും അനുയോജ്യമായ സമയവും തെയ്യാറെടുപ്പും വേണം.

ഹുദൈബിയ്യയിൽ നിന്ന് നബി(സ)യും സ്വഹാബിമാരും 'ഇഹ്റാം' ഉപേക്ഷിച്ച് മടങ്ങിയത് നമുക്ക് പാഠമാണ്. അല്ലാഹു നമ്മെ നല്ല വഴിയിൽ സഞ്ചരിപ്പിക്കട്ടെ. ആമീൻ.

1-ൽ 'താങ്കൾ കണ്ടില്ലേ' എന്നത് ചിലർ വ്യാഖ്യാനിച്ചത് 'താങ്കൾ അറിഞ്ഞില്ലേ' എന്നാണ്. കാരണം കാണൂ. എ.ഡി 570 മുഹർറമിലാണ് ആനക്കലഹം. ശേഷമുള്ള റബീ

ഉൽ അവ്വലിലാണ് നബി(സ)ജനിക്കുന്നത്. ആനക്കലഹത്തിനും ഹിജ്റക്കും ഇടയിൽ 53 വർഷമാണുള്ളത്. ഏതാകട്ടെ. കലഹ സമയത്ത് നബി(സ)ജനിച്ചിട്ടില്ല. ഇത് കൊണ്ടാണ് 'കണ്ടില്ലേ' എന്നത് 'അറിഞ്ഞില്ലേ' എന്നു ചിലർ വ്യാഖ്യാനിച്ചത്.

പക്ഷെ, ഇവിടെ 'താങ്കൾ' മുഴുവൻ ലോകത്തിനും ലോക രക്ഷിതാവിനും സാക്ഷിയായ നബിയെന്നോർക്കണം. എങ്കിൽ അന്ന് ഗർഭാശയത്തിലായിരിക്കെ ആ സംഭവം ആത്മീയ മായി നബി-കണ്ണ് കൊണ്ട് തന്നെ-കാണുന്നതിന് ഒരു തടസ്സവുമില്ല. എങ്കിൽ 'താങ്കൾ ക ണ്ടില്ലേ' എന്നതിനർത്ഥം 'താങ്കളുടെ കാലക്കാർ കണ്ടില്ലെങ്കിലും' എന്നാണ്. ഇബ്രാഹീ മി(അ) ന്റെ വിളി ജനിക്കുന്നതിനു മുമ്പും ഗർഭാശയത്തിലും വിശ്വാസികൾ കേട്ടെങ്കിൽ താൻ ജനിക്കുന്നതിന്റെ 55 ദിവസം മുമ്പ് വന്ന വലിയ സൈന്യത്തെ എന്തുകൊണ്ട് ന ബ(സ) കണ്ടുകൂടാ. സാധാരണക്കാരന്റെ കാതിന്നും ഹൃദയത്തിനും അത്ഭുത ശക്തി നൽകിയ അല്ലാഹു പ്രവാചകന്റെ കണ്ണിന്റെ കാര്യത്തിൽ ലുബ്ധ് കാണിക്കേണ്ടതുണ്ടോ? റൂഹുൽ ബയാൻ:4/409 നോക്കുക.

# ഖുറയ്ശ്

അധ്യായം;106, ക്രമം;29,'അത്തീനി'നു ശേഷം, മക്കീ സൂക്തങ്ങൾ; 4, നബി(സ)യുടെ ഗോത്രമാണ് ഖുറൈശ്.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

لِإِيلَافِ قُرَيْشٍ

ഖുറൈശികൾക്ക് സൗകര്യപ്പെടുത്തിയതിനാൽ(1)

**രണ്ട്**

إِيلَافِهِمْ رِحْلَةَ الشِّتَاءِ وَالصَّيْفِ

അതേ ചൂടിലും തണുപ്പിലും അവർക്ക് യാത്ര സൗകര്യപ്പെടുത്തിയതിനാൽ.(2)

**മൂന്ന്**

فَلْيَعْبُدُوا رَبَّ هَذَا الْبَيْتِ

അതിന്റെ പേരിൽ ഈ വീട്ടിന്റെ രക്ഷിതാവിനെ തങ്ങൾ ആരാധിക്കട്ടെ.(3)

**നാല്**

الَّذِي أَطْعَمَهُمْ مِنْ جُوعٍ وَآمَنَهُمْ مِنْ خَوْفٍ

തങ്ങളെ ഭയത്തിൽ നിന്ന് രക്ഷിക്കുകയും തങ്ങൾക്ക് വിശപ്പടക്കാൻ ആഹാരം നൽകു കയും ചെയ്തവനെ.(4).

ഇബ്റാഹീം, ഇസ്മാഈൽ(അ) പ്രവാചകൻമാരുടെ തുടർച്ചയിൽ കഅ്ബയുടെയും പ ള്ളിയുടെയും പരിപാലനം ഖുറൈശി കുടുംബത്തിനാണ് ലഭിച്ചത്. തൂഫാനിൽ മുങ്ങി അറിയാതെ പോയ സംസം കിണർ അബ്ദുൽ മുത്ത്വലിബിന് ലഭിച്ച പ്രത്യേക സന്ദേശ ത്തിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും തുറന്നത്. കഅ്ബ പുതുക്കി പണിതതും അവർ തന്നെ. അവരിൽ പലരും ബിംബാരാധകരാണെങ്കിലും പരമ്പരാഗതമായി ലഭിച്ച അധി

കാരം - ഏക ദൈവമായ അല്ലാഹുവിന്റെ വീട് അവർ പരിപാലനം അവർ നിലനിർത്തി. അതിൽ ബിംബങ്ങളെ സ്ഥാപിച്ചെങ്കിലും.ഇങ്ങനെ തങ്ങൾ കഅ്ബയുടെ പരിപാലകരായ തിന്റെ പേരിൽ ജനങ്ങൾക്കെല്ലാം വിശിഷ്യാ അറബ് ലോകത്തിന് അവരോട് ബഹുമാന മാണ്. എവിടെയും യാത്ര ചെയ്യാം. 'ബിസിനസ്' നടത്താം. ഒരു തടസ്സവുമില്ല. ഇതുകൊണ്ട് തന്നെ ശൈത്യ കാലത്ത് യമനിലും ഉഷ്ണ കാലത്ത് സിറിയയിലും ഇവർ മാറി മാറി ബിസിനസ് നടത്തി. ഇത് കഅ്ബയുടെ പേരിൽ തങ്ങൾക്ക് ലഭിച്ച ആനുകൂല്യവും ആദരവുമാണ്. അതിനാൽ കഅ്ബയുടെ രക്ഷിതാവിനെ അവർ ആരാധിക്കണമെന്നും ബിംബങ്ങൾ വർജ്ജിക്കണമെന്നും ഈ അധ്യായം വസ്തുനിഷ്ഠമായി ചൂണ്ടിക്കാണിക്കുന്നു.

# അൽ മാഊൻ

അധ്യായം;107, ക്രമം;17,'തകാസുറി' നു ശേഷം, മക്കീ സൂക്തങ്ങൾ; 7, അർത്ഥം:ഗൃഹോപകരണങ്ങൾ

**സൂക്തം ഒന്ന്**

بسم الله الرحمن الرحيم

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

أَرَأَيْتَ الَّذِي يُكَذِّبُ بِالدِّين

മതം തള്ളിപ്പറയുന്നവനെ താങ്കൾ കണ്ടുവോ(1)

**രണ്ട്**

فَذَلِكَ الَّذِي يَدُعُّ الْيَتِيمَ

അവനാണ് അനാഥയെ തള്ളിപ്പറയുന്നവൻ(2)

**മൂന്ന്**

وَلا يَحُضُّ عَلَى طَعَامِ الْمِسْكِين

സാധുവിന് ആഹാരം നൽകാൻ അവൻ മനസ്സ് കാണിക്കില്ല.(3)

**നാല്**

فَوَيْلٌ لِّلْمُصَلِّينَ

അതിനാൽ സർവനാശം നിസകരിക്കുന്നവർക്കാണ്(4)

**അഞ്ച്**

الَّذِينَ هُمْ عَن صَلاتِهِمْ سَاهُونَ

അഥവാ തങ്ങളുടെ നിസ്കാരം ശ്രദ്ധിക്കാത്തവർക്ക്(5)

**ആറ്**

الَّذِينَ هُمْ يُرَاؤُونَ

അവർ നിസ്കാരം കാണിക്കുന്നവരാണ്(6)

**ഏഴ്**

وَيَمْنَعُونَ الْمَاعُونَ

ഗൃഹോപകരണങ്ങൾ പോലും തടയുന്നവരുമാണ്(7)

'ദീൻ' മതമാണ്. 'യൗമുദ്ദീൻ' എന്നതിന് 'വിചാരണ ദിവസം' എന്നു പറയാറുണ്ട്. മതം നടപ്പാക്കിയോ ഇല്ലേ എന്ന വിചാരണയാണത്. ചെയ്ത പ്രവർത്തിക്ക് അനുയോജ്യമായ പ്രതിഫലം നൽകുന്ന ദിവസം. അങ്ങനെയൊരു ദിവസമില്ലെന്ന് നിഷേധികൾ തള്ളിപ്പറയുന്നുണ്ട്. വിശ്വാസി അനാഥയെ സംരക്ഷിക്കുന്നതും സാധുവിന് ആഹാരം നൽകുന്നതും വിചാരണ ദിവസം വിചാരിച്ചുകൊണ്ടാണ്. അതിനാൽ ആ വിചാരമില്ലാത്തവർ അവരെ തള്ളിപ്പറയുക സ്വഭാവികം. ഇവിടെ സൂചിപ്പിക്കപ്പെട്ടയാൾ അബൂജഹ്ലെന്നുണ്ട്. തന്റെ സംരക്ഷണത്തിലുള്ള അനാഥയുടെ സ്വത്ത് അയാൾ തടഞ്ഞുവച്ചു. ഇത്തരക്കാർക്ക് അനാഥയും സാധുവും സമമാണ്. ആരെയും സഹായിക്കില്ല. മറ്റുള്ളവരോട് സഹായം നൽകാൻ ആവശ്യപ്പെടുന്നതുമല്ല. അതിനു മനസ്സില്ലെന്നർത്ഥം.

നിസ്കാരം ഏറ്റം ശ്രേഷ്ഠമായ ആരാധനയാണ്. അതാണ് ആദ്യം വിചാരണ ചെയ്യപ്പെടുക. നിസ്കാരത്തിന്റെ ഉള്ളടക്കം മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണല്ലോ. ഇതാണ് അതിൽ അവസാനം നബി(സ)ക്കും എല്ലാ സുകൃതികൾക്കും രക്ഷ നേടുന്ന സലാം. ഈ നിസ്കാരവും നിർബന്ധമായ ഈ പ്രാർത്ഥനയും മനസ്സറിഞ്ഞു നിർവഹിക്കുന്ന വിശ്വാസിക്ക് അനാഥയെയും സാധുവെയും അവഗണിക്കാൻ പറ്റുമോ? ഇവൻ രക്ഷ നേരുന്ന സുകൃതികളിൽ ഈ രണ്ട് വിഭാഗവുമുണ്ടല്ലോ. ചുരുക്കത്തിൽ ഇവരെ അവഗണിക്കുന്നവർ എത്ര തന്നെ നിസ്കരിച്ചാലും നിസ്കാരത്തിന്റെ അന്തസ്സത്തയെപ്പറ്റി അശ്രദ്ധരാണ്.

ഇതുതന്നെയാണ് ഗൃഹോപകരണങ്ങൾ പോലും ഇവർ നൽകില്ലെന്ന് 7 പറഞ്ഞത്. എങ്കിൽ ഇവരുടെ നിസകാരം മറ്റുള്ളവരെ ബോധ്യപ്പെടുത്താനും നിസ്കരിക്കുന്നവരുടെ ആനുകൂല്യം പറ്റാനുമാണ്. നിസ്കാരവും നോമ്പും ഇല്ലാത്തവൻ നോമ്പ് കാലത്ത് പള്ളിയിൽ ഉറങ്ങി വിശ്രമിക്കുന്ന പോലെ. മൂത്രിക്കാൻ മാത്രം പള്ളി വക മൂത്രപ്പുര ഉപയോഗപ്പെടുത്തുന്നവരുണ്ടല്ലോ. ഇത് പള്ളിയോടുള്ള ബഹുമാനമല്ല.

നിസ്കാരത്തിൽ എന്തെങ്കിലും മറക്കുന്നതോ അറിയാതെ വിട്ട്പോകുന്നതോ ഇവിടെ പറഞ്ഞ 'അശ്രദ്ധ'യാണെന്ന് പറഞ്ഞു കൂടാ. മനുഷ്യൻ ചിലപ്പോൾ ഏറ്റം ആവശ്യമായ സ്വന്തം കാര്യവും മറക്കും. ഇത് ബോധപൂർവ്വമല്ല. ഓർമ വന്നാൽ വീഴ്ച പരിഹരിക്കും. ഇത് പോലെത്തന്നെ നിസ്കാരവും. ഇങ്ങനെ പരിഹരിക്കുന്നത് 'ശ്രദ്ധ'യാണ്. അശ്രദ്ധയല്ല. ചുരുക്കത്തിൽ ഇവിടെ വിമർശിക്കപ്പെട്ട അശ്രദ്ധ നിസ്കാരത്തിന്റെ അന്തസ്സത്തയുമായി ബന്ധപ്പെട്ടാണ്. ഇങ്ങനെയുള്ള 'അശ്രദ്ധർ' ദാന, ധർമ പരോപകാര വിരോധികളാണ്. മഴു, കൈകോട്ട്, ചട്ടി, കലം തുടങ്ങിയ ചെറിയ ഉപകരണങ്ങളാണ് 'മാഊൻ' മാന്യൻമാർ ഇത് തടഞ്ഞുവക്കില്ല.

സ്വബോധം നഷ്ടപ്പെട്ടതിനാലും മറ്റും നിസ്കരിക്കാത്ത സാധാരണക്കാരും ഔലിയാക്കളുമുണ്ടാകും. ഇവിടെ വിമർശിക്കപ്പെട്ട 'അശ്രദ്ധരി'ൽ ഇവർ പെടില്ല. കാരണം ' തങ്ങളുടെ നിസ്കാരത്തെ വിട്ട് അശ്രദ്ധർ' എന്നാണിവിടെയുള്ളത്. ഇവർക്ക് അപ്പോൾ നിസ്കാരമില്ലല്ലോ.

# അൽ കൗസർ

അധ്യായം;108, ക്രമം;15,'അൽ ആദിയാത്തി' നു ശേഷം, മക്കീ മദനീ എന്നുമുണ്ട്. ഹിജ്റക്ക് മുമ്പും ശേഷവും അവതരിച്ചെന്നും കാണാം. സൂക്തങ്ങൾ;3, അർത്ഥം ധാരാളം പുണ്യം, ഹൗളുൽ കൗസർ തടാകം 'അന്നഹ്ർ' എന്നും പേരുണ്ട്.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

إِنَّا أَعْطَيْنَاكَ الْكَوْثَرَ

താങ്കൾക്ക് നാം അനവധി അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നു.(1)

**രണ്ട്**

فَصَلِّ لِرَبِّكَ وَانْحَرْ

അത്കൊണ്ട് താങ്കൾ രക്ഷിതാവിനു വേണ്ടി നിസ്കരിക്കുക. ബലിയർപ്പിക്കുകയും ചെയ്യുക.(2)

**മൂന്ന്**

إِنَّ شَانِئَكَ هُوَ الْأَبْتَرُ

താങ്കളെ ആക്ഷേപിക്കുന്നവൻ തന്നെയാണ് പരമ്പര നശിച്ചവൻ.(3).

നബി(സ)ക്ക് നിർണയാതീതമായ അനുഗ്രഹങ്ങൾ അല്ലാഹു നൽകിയെന്നത് തീർച്ചയാണ്. ഈ അധ്യായത്തിന്റെ ക്രമം പതിനഞ്ചെന്നു പറഞ്ഞല്ലോ. ഇതിനു മുമ്പ് അവതരിച്ച 11,12 (ളുഹാ, അലം നശ്റഹ്) പരിശോധിച്ചാൽ തന്നെ ഇത് മനസ്സിലാകും. 'നബി(സ)യുടെ ഹൃദയം വിശാലമാക്കി, തന്റെ ഭാരങ്ങളെല്ലാം അല്ലാഹു ഇറക്കിവച്ചു, തന്റെ പ്രശസ്തി ഏറ്റം ഉയർത്തി, ഏത് ഞെരുക്കത്തിനും എളുപ്പം' ഇതാണ് 12-ൽ.

11-ൽ പറയുന്നതിതാണ്;'എന്ത് പ്രശ്നങ്ങളുണ്ടായാലും നബി(സ)യുടെ കൂടെ അല്ലാഹു ഉണ്ടാകും; തന്റെ ഓരോ നിമിഷവും അതിനു മുമ്പത്തേക്കാൾ ഉത്തമമമാണ്; താൻ സംതൃപ്തനാകും വരെ തനിക്ക് ആവശ്യമുള്ളതെല്ലാം അല്ലാഹു നൽകിക്കൊണ്ടിരിക്കും; ഈ പറയപ്പെട്ട കാര്യങ്ങൾ വിലയിരുത്തിയാൽ തന്നെ എത്രയോ ഔദാര്യവും മഹത്വവും നബി(സ)ക്ക് അല്ലാഹു നൽകിയെന്നത് തീർച്ചയാണ്. ഇനി ഇതിനു മുമ്പ് ഖുർആനിലല്ലാതെ അല്ലാഹു നബി(സ)യോട് പറയുന്നതും ശേഷം ഖുർആനിലും മറ്റും പറഞ്ഞതും പരിഗണിച്ചാൽ നബിയേക്കാൾ അനുഗ്രഹങ്ങൾ ലഭിച്ചവരില്ലെന്നും ഓരോ നിമിഷവും അവിടുത്തേക്ക് അനുഗ്രഹങ്ങൾ വർധിക്കുന്നെന്നും വ്യക്തമാണ്.

ഈ അനുഗ്രഹങ്ങളിൽ ഏറ്റം വലുത് ഇഹത്തിൽ അന്ത്യപ്രവാചകത്വവും പരത്തിൽ 'ശഫാഅത്തി'ന്റെ ഉദ്ഘാടനവുമാണ്. ഇഹത്തിൽ ഖുർആൻ ലഭിച്ചതും പരത്തിൽ 'ഹൗളുൽ കൗസർ' ലഭിക്കുന്നതുമെല്ലാം ഇതിന്റെ ഭാഗമാണ്. ഇതെല്ലാം ഉൾകൊള്ളുന്ന പദമാണ് 1-ൽ 'അൽ കൗസർ'. അവസാനം നോക്കുക.

ഹൗളുൽ കൗസർ സ്വർഗത്തിലെ തടാകമാണ്. പാലിലേറെ വെളുപ്പും തേനിലേറെ മാധുര്യവും കസ്തൂരിയിലേറെ സൗഗന്ധ്യവും അതിനുണ്ടാകും. 'അതിൽ നിന്ന് നിങ്ങളെ കുടിപ്പിക്കാൻ ഞാൻ നേരത്തെ അവിടെ എത്തും' എന്നാണ് നബി(സ) പറഞ്ഞത്. ഇങ്ങനെ ഒരു തടാകം സ്വർഗത്തിന് പുറത്തുമുണ്ടെന്നുണ്ട്. നബിക്ക് മാത്രമല്ല, മറ്റു പ്രവാചകൻ

മാർക്കുമെന്നുമുണ്ട്. അത് കുടിക്കാനുള്ള ഭാഗ്യം അല്ലാഹു നമുക്കും പ്രദാനം ചെയ്യട്ടെ. ആമീൻ.

ഈ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനാണ് 2-ൽ പറയുന്നത്. നിസ്കാരവും ബ ലിയുമാണ് ഇതിനിവിടെ നിർദേശിക്കപ്പെട്ടത്. എല്ലാ നിസ്കാരവും ഇതിൽ പെട്ടുകഴി ഞ്ഞു. എല്ലാ ബലിയും. കാരണം, മുഴുവൻ അനുഗ്രങ്ങൾക്കും കൂടി നന്ദി രേഖപ്പെടു ത്താൻ പ്രത്യേക നിസ്കാരമോ ബലിയോ മാത്രം നിർദേശിക്കേണ്ടതില്ലല്ലോ. എന്നാൽ ഇ ത് രണ്ടും മാത്രം നിർദേശിക്കാൻ കാരണം അടിസ്ഥാനപരമായി എല്ലാ വിധ നന്ദിയും ഇ ത് രണ്ടും ഉൾക്കൊള്ളുന്നത് കൊണ്ടാകാം.

ഹൃദയം, പഞ്ചേന്ദ്രിയങ്ങൾ, ശരീര ഭാഗങ്ങൾ എല്ലാം പങ്ക് ചേർന്നുള്ള 'നന്ദി' യുടെ പ്ര തീകമാണ് 'ബലി'. ഒരു വസ്തുവിന്റെ ശരീരവും ജീവനും മറ്റുള്ളവർക്ക് വേണ്ടി അർപ്പി ക്കലല്ലേ ബലി; ഇത് പാവപ്പെട്ടവർക്ക് വേണ്ടിയാകുമ്പോൾ പ്രത്യേകിച്ചും.

ഇവിടെ നിസ്കാരം സംബന്ധിച്ച് അനവധി അഭിപ്രായങ്ങളുണ്ട്; നിർബന്ധ നിസ്കാരം; പെരുന്നാൾ, ളുഹാ, വിത്റ്, തഹജ്ജുദ് എന്നിങ്ങനെ. ഇത് പോലെ ബലി സംബന്ധിച്ചുമു ണ്ട് അഭിപ്രായങ്ങൾ. വലിയപെരുന്നാൾ, ഹജ്ജ്-ഉംറ, അഖീഖ എന്നിങ്ങനെ. ഇങ്ങനെ പ ല അഭിപ്രായങ്ങളും ഉദ്ധരിച്ച ശേഷം മഹാ പണ്ഡിതനായ ഇബ്നു ജരീർ(റ) തന്റെ ത ഫ്സീറിൽ പറയുന്നു:'ഈ അഭിപ്രായങ്ങളിൽ എന്റെ വീക്ഷണത്തിൽ സത്യത്തോട് കൂടു തൽ നീതി പുലർത്തുന്നത് അല്ലാഹുവിനു വേണ്ടി മാത്രം ചെയ്യുന്ന എല്ലാ നിസ്കാരവും എല്ലാ ബലിയുമെന്നതാണ്. ബിംബാരാധകർ ചെയ്യുന്നതിന് എതിരിൽ. അല്ലാതെ ഏതെ ങ്കിലും ഒന്നിനു മാത്രം പ്രത്യേകതയില്ല. കാരണം എല്ലാ അനുഗ്രഹങ്ങൾക്കുമുള്ള നന്ദി യാണിത്'(15/328)

ഖുർആൻ ക്രോഡീകരിക്കുമ്പോൾ അവതരണ ക്രമത്തിൽ നിന്നു മാറി ആശയപരമായ യോജിപ്പും വിയോജിപ്പുമാണ് ഇപ്പോഴത്തെ ക്രമീകരണത്തിനു സ്വഹാബിമാർ പരിഗണി ച്ചത്. ഇത് നബി(സ)യുടെ മുൻ നിർദേശപ്രകാരമായിരുന്നു. മുൻ അധ്യായത്തിൽ കപട രുടെ വിശേഷങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ലുബ്ധ്, നിസ്കാരമുപേക്ഷ, ജനങ്ങൾ കാ ണാൻ വേണ്ടിയുള്ള നിസ്കാരം, പരോപകാര വിരോധം എന്നിവ.

ഇതിനെതിരിൽ ഈ അധ്യായത്തിൽ ദാനം, നിസ്കാരം, നിഷ്കളങ്കത, ബലി എന്നിവ പ്ര ത്യേകം പറയപ്പെട്ടു. 'അല്ലാഹു താങ്കൾക്ക് അനവധി ഗുണം നൽകി, അത്കൊണ്ട് താ ങ്കൾ മറ്റുള്ളവർക്ക് ഗുണം നൽകണം'. ഏറ്റം വലിയ 'നന്ദി' നിസ്കാരമാണ്. കപടർ അത് ചെയ്യുന്നില്ല, താങ്കൾ അതു ചെയ്യണം, അവർ ചെയ്യുന്നുണ്ടെങ്കിൽ തന്നെ ലോകമാന്യ ത്തിനാണ്; താങ്കൾ അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യണം, അവർ പരോപകാരം ചെയ്യു ന്നില്ല. താങ്കൾ അത് ചെയ്യണം, അതിന് ഏറ്റം നല്ലത് ബലിയാണ്' എന്നിങ്ങനെ. റാ സി:32/118 നോക്കുക.

2-ൽ 'വൻഹർ' എന്നതിന് വേറെയും വ്യാഖ്യാനങ്ങളുണ്ട്. നിസ്കരിക്കുമ്പോൾ നെഞ്ച് ഖിബ്ലയിലേക്ക് തിരിക്കുക(ഖിബ്ലക്ക് മുന്നിടുക), തക്ബീർ ചൊല്ലുമ്പോൾ കൈ നെ ഞ്ചിന് മേലോട്ടുയർത്തുക, ആദ്യ തക്ബീറിനു ശേഷം നെഞ്ചോട് ചേർത്ത് വലത് കൈ ഇടതിന്മേൽ വെക്കുക, സുജൂദിലും റുകൂഇലും കൈ അകത്തി നെഞ്ച് വെളിവാക്കുക. നിസ്കാരാനന്തരം പ്രാർത്ഥിക്കാൻ കൈ നെഞ്ചിന് മേലോട്ടുയർത്തുക, നിസ്കാരത്തിൽ കൈ നെഞ്ചിനു താഴെ വെക്കുക ഇങ്ങനെ പലതും.

ഈ വ്യാഖ്യാനങ്ങളെല്ലാം 'നെഞ്ചു'മായി ബന്ധപ്പെട്ടതാണല്ലോ. ഇതിനു കാരണം 'വൻഹർ' എന്നതിന്റെ ധാതുവാണ്. 'നഹറ്'. ഇതിന് നെഞ്ച്, അറവ്, വാരിയെല്ല് തുടങ്ങിയ അർത്ഥങ്ങളുണ്ട്. ഇതിൽ നിന്നാണ് 'നാഹിർ'. നെഞ്ചിനു താഴെയുള്ള ഞരമ്പാണിത്. ഇത് കൊണ്ട് ഈ വാക്യത്തിന് 'നെഞ്ചിനു താഴെ കൈ വെക്കണ'മെന്ന് ചിലർ പറഞ്ഞത്. വേറെ തെളിവുകളുണ്ടെങ്കിലും.

അബൂ ത്വാലിബുൽ മക്കിയുടെ ഖൂതുൽ ഖുലൂബ്:3/143, ഖസ്ത്വല്ലാനീ;2/75 ശറഹുൽ മുഹദ്ധബ്;3/313 നോക്കുക.

നബി(സ)യുടെ ഏഴ് മക്കളിൽ മൂന്ന് പേർ ആണാണ്. ഖാസിം, അബ്ദുല്ല, ഇബ്റാഹീം. ഇവരിൽ ആദ്യം ഖാസിമും പിന്നെ അബ്ദുല്ലയും മക്കത്ത് മരണപ്പെട്ടു. ഇബ്റാഹീം മദീനത്തും. ആദ്യ മരണത്തോടെ തന്നെ ശത്രുക്കൾ പ്രചരിപ്പിക്കാൻ തുടങ്ങി 'മുഹമ്മദ് പരമ്പരയില്ലാത്തവനാണ്' ശേഷം രണ്ട് പേരും കൂടി മരണപ്പെട്ടപ്പോൾ മക്കത്തും മദീനത്തുമുള്ള എല്ലാ ശത്രുക്കളും ഇത് പറഞ്ഞ് നടന്നു. നബി(സ)യുടെ പ്രസ്ഥാനം നബിയോടെ തന്നെ അസ്തമിക്കുമെന്നാണ് അവർ വിചാരിച്ചത്. ആസ്വുബ്നു വാഇൽ, അബൂജഹ്ൽ തുടങ്ങിയവരാണ് ഈ പ്രചാരണത്തിന് നേതൃത്വം കൊടുത്തത്. രണ്ടാൾ കൂടിയാൽ ഇതായിരുന്നു വിഷയം. ഇപ്പോഴാണ് ഈ അധ്യായം അവതരിക്കുന്നത്.

'നബിയുടെ വിമർഷകർക്ക് പരമ്പരയില്ല' എന്നാണ് 3 വ്യക്തമാക്കുന്നത്. ഇവിടെ പരമ്പര ആദർശപരമാണ്. 'മക്ക ഫത്ഹോ'ടെ അറേബ്യയിൽ നിന്ന് ബിംബാരാധന തുടച്ച് മാറ്റപ്പെട്ടു. എന്നുവേണ്ട, തങ്ങളുടേത് പോലുള്ള ബിംബാരാധന പിന്നീട് ലോകത്തെവിടെയുമുണ്ടായില്ല. സപ്ത ഗോളങ്ങൾ ദൈവങ്ങളെന്നും അവയുടെ പ്രതീകങ്ങളാണ് തങ്ങൾ സ്ഥാപിച്ച ബിംബങ്ങളെന്നും ബിംബങ്ങൾക്കുള്ള ആരാധന ഫലത്തിൽ ഗോളങ്ങൾക്കെന്നുമാണ് അവർ ന്യായീകരിച്ചത്. ഇങ്ങനെയാരു ബിംബാരാധന പിന്നീട് ലോകത്തുണ്ടായിട്ടില്ല.

ഏകദൈവ വിശ്വാസികൾ ദൈവ പ്രതീകമായി പലതും പൂജിക്കുന്നുണ്ട്. ഗോളങ്ങൾ ദൈവങ്ങളെന്നോ മറ്റോ അവർ വിശ്വസിക്കുന്നില്ല. ഏകദൈവത്തിന് തങ്ങളുടെ മതങ്ങൾ അംഗീകരിക്കുന്ന പ്രതീകങ്ങൾ നിശ്ചയിക്കുന്നത് വിവരക്കേടോ ബുദ്ധിശൂന്യതയോ എന്ന് പറയാൻ പറ്റില്ല. അത് മത വിഷയമാണ്. എന്നാൽ ഗോളങ്ങൾ ദൈവങ്ങളാണെന്നു ഒരു മതവും സിദ്ധാന്തിക്കുന്നില്ല. ഈ വിശ്വാസവും ആചാരവുമാണ് മക്കക്കാർ വച്ചു പുലർത്തിയത്. അവരുടെ കൂടെ അതും പരമ്പരയറ്റുപോയി. പിന്നെ ഈ വിശ്വാസവും ആചാരവും പുനർജനിച്ചാലും ഖുർആൻ പറഞ്ഞത് പുലർന്നു കഴിഞ്ഞു.

'അൽ കൗസർ' വർധനയാണ്. ഇതാണ് നബി(സ)ക്ക് അല്ലാഹു നൽകിയത്. അഥവാ നബി(സ) യുടെ പ്രകാശത്തിൽ നിന്നാണ് മറ്റെല്ലാം ഉണ്ടായത്. 'അല്ലാഹു അഹദ്'ാണ്. അവനിൽ നിന്ന് ഒന്നും ഉണ്ടാകില്ല. എല്ലാം അവൻ ഉണ്ടാക്കും. ആദ്യം ഉണ്ടാക്കിയത് നബിയെ. ആദ്യ സൃഷ്ടി നബിയെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. അൽ കൗസർ അധ്യായം നബിയെയും അൽ ഇഖ്ലാസ് അധ്യായം അല്ലാഹുവേയും പ്രത്യേകം പരിചയപ്പെടുത്തുന്നുണ്ട്.

## അൽ കാഫിറൂൻ

അധ്യായം;109, ക്രമം;18,'മാഊനു' ശേഷം, മക്കീ, മദനീ എന്നുമുണ്ട്. സൂക്തങ്ങൾ; 6, അർത്ഥം:നിഷേധികൾ. ഇതും 'ഖുൽ ഹുവള്ളാഹു അഹദും' ത്വവാഫിനു ശേഷവും സുബ്ഹ് നിസ്കാരത്തിന് മുമ്പും മഗ്രിബ് നിസ്കാരത്തിന് ശേഷവുമുള്ള ഈരണ്ട് റക്അ

ത്തുകളിൽ നബി(സ) പലതവണ ഓതിയിരുന്നു. രാത്രി ഉറങ്ങും മുമ്പ്'അൽ കാഫിറൂൻ' ഓതുന്നത് വിശ്വാസം സംരക്ഷിക്കുമെന്ന് നബി(സ)പറഞ്ഞിട്ടുണ്ട്. കുട്ടികളെ ഇത് ശീലിപ്പിക്കൽ നല്ലതാണ്. 'അൽ ഇബാദ',അൽ 'ഇഖ്ലാസ്' എന്നും പേരുണ്ട്.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

قُلْ يَا أَيُّهَا الْكَافِرُونَ

താങ്കൾ പറയുക;'ഓ നിഷേധികളേ'.(1)

**രണ്ട്**

لَا أَعْبُدُ مَا تَعْبُدُونَ

'നിങ്ങൾ ഇപ്പോൾ ആരാധിക്കുന്നത് ഞാൻ ഒരിക്കലും ആരാധിക്കുകയില്ല.'(2)

**മൂന്ന്**

وَلَا أَنتُمْ عَابِدُونَ مَا أَعْبُدُ

'ഞാൻ ഇപ്പോൾ ആരാധിക്കുന്നത് നിങ്ങൾ ആരാധിക്കുന്നവരല്ല'(3)

**നാല്**

وَلَا أَنَا عَابِدٌ مَا عَبَدْتُمْ

'നിങ്ങൾ ആരാധിച്ചത് ഞാൻ ആരാധിക്കുന്നവനല്ല'(4)

**അഞ്ച്**

وَلَا أَنتُمْ عَابِدُونَ مَا أَعْبُدُ

'ഞാൻ എപ്പോൾ ആരാധിക്കുന്നതും നിങ്ങൾ ഒരിക്കലും ആരാധിക്കുന്നവരല്ല'(5)

**ആറ്**

لَكُمْ دِينُكُمْ وَلِيَ دِينِ

'നിങ്ങൾക്ക് നിങ്ങളുടെ ആചാരം; എനിക്ക് എന്റെ ആചാരവും.'(6).

വലീദ്ബ്നുൽ മുഗീറ, ആസ്വുബ്നു വാഇൽ, അസ്‌വദ്ബ്നു അബ്ദുൽ മുത്ത്വലിബ്, ഉമയ്യത്തു ബ്നു ഖലഫ് തുടങ്ങി ബഹുദൈവ നേതാക്കൾ നബി(സ)യെ സമീപിച്ചു ഇങ്ങനെ പറഞ്ഞു: 'നാം തമ്മിൽ വിരോധം വേണ്ട. ഞങ്ങളുടെ ദൈവങ്ങളെ താങ്കളും താങ്കളുടേത് ഞങ്ങളും കുറച്ച് കാലം ആരാധിക്കാം'. ഇപ്പോഴാണ് ഈ അധ്യായം അവതരിക്കുന്നത്. ഉടനെ അവരെ അവിടുന്ന് ഇത് ഓതി കേൾപ്പിച്ചു. ഇത്തരം തട്ടിപ്പുകളൊന്നും നബി(സ)യോട് നടക്കില്ലെന്ന് അവർക്ക് ബോധ്യമായി.

2,3-ൽ വർത്തമാന കാലമാകാം ഉദ്ധേഷിക്കുന്നത്. അഥവാ ഇപ്പോൾ, നിങ്ങൾ ആരാധിക്കുന്നത് ഞാനോ ഞാൻ ആരാധിക്കുന്നത് നിങ്ങളോ ആരാധിക്കുന്നവരല്ല. 4-ൽ ഉദ്ധേഷിക്കുന്നത് ഭൂതകാലം. അതായത്, മുമ്പ് നിങ്ങൾ ആരാധിച്ചത് ഞാൻ ആരാധിക്കുന്നവനല്ല. 5-ൽ ഉദ്ധേശ്യം ഭാവിയാകാം. ഒരു കാലത്തും ഞാൻ ആരാധിക്കുന്നത് നിങ്ങൾ ആ

രാധിക്കുന്നവരല്ല. അങ്ങനെ ഒരു പ്രതീക്ഷ നിങ്ങൾക്ക് വേണ്ട എന്നുതന്നെ. നബി(സ) ആരാധിക്കുന്ന അല്ലാഹു റഹ്മാനാണ്. ഇങ്ങനെ ഒരുത്തനെ ഞങ്ങൾ അറിയില്ലന്നല്ലേ അവർ പറഞ്ഞത്(ഫുർഖാൻ;60)

ഇങ്ങനെ നബിയെ നേരിട്ട് സമീപിച്ചവരെ മാത്രം വിളിച്ചാണ് അധ്യായം അവതരിച്ചത്. ഇതുകൊണ്ട് തന്നെ അവർ അപ്പോഴും പിന്നെയും വിശ്വസിക്കുന്ന പ്രശ്നമില്ല. അങ്ങനെയാണല്ലോ ഈ സൂക്തങ്ങളിലുള്ളത്. സംഭവിച്ചതും അങ്ങനെതന്നെ. ഇവരിൽ ചിലർ അതേ നിലയിൽ 'ബദ്റി'ൽ കൊല്ലപ്പെട്ടു. ബാക്കിയുള്ളവർ അങ്ങനെ തന്നെ മരിച്ചു. ആരും വിശ്വസിച്ചില്ല.

ഇവിടെ ഒരു കാര്യം സുതരാം വ്യക്തമാണ്; ഇപ്പറയപ്പെട്ടവർ ഇതവതരിക്കുമ്പോൾ അല്ലാഹുവെ ആരാധിക്കുന്നവരല്ല. ഹൃദയത്തിന്റെ ആരാധനയാണ് വിശ്വാസം. അതിനാൽ ആരാധിക്കുന്നില്ല എന്നത് വിശ്വസിക്കുന്നില്ല എന്നാണ് വ്യക്തമാക്കുന്നത്. പക്ഷെ, തങ്ങളുടെ ആരാധ്യ വസ്തുവെ പറ്റി 'അല്ലാഹു' എന്നവർ പറയാറുണ്ട്. നബി(സ) ആരാധിക്കുന്ന ഏകനായ അല്ലാഹു അല്ല ഇത്. 'ഞാൻ ആരാധിക്കുന്നത് നിങ്ങൾ ഒരിക്കലും ആരാധിക്കുന്നവരല്ല' എന്നാണല്ലെ നബിയോട് പറയാൻ കൽപിക്കപ്പെട്ടത്.

ഖുർആൻ വ്യാഖ്യാതാവായ മഹ്മൂദ് അലൂസി(റ) പറയുന്നത് നോക്കൂ; 'കാര്യമറിയാതെ അവർ ഇങ്ങനെ പറയാൻ സാധ്യതയുണ്ട്; മുഹമ്മദേ; ഞങ്ങൾ ആരാധിക്കുന്നത് നീയും നീ ആരാധിക്കുന്നത് ഞങ്ങളും ആരാധിക്കുന്നില്ലെന്ന് നീ എങ്ങനെ പറയും?. ഞങ്ങളും അല്ലാഹുവിനെ ആരാധിക്കുന്നുണ്ടല്ലോ. ഏറിക്കഴിഞ്ഞാൽ ഞങ്ങൾ വേറെ ചിലരേയും ആരാധിക്കുന്നെന്നല്ലേയൊള്ളൂ.' ഇതിനു മറുപടിയാണ് 'ഞാൻ ആരാധിക്കുന്നത് നിങ്ങൾ ആരാധിക്കുന്നില്ല' എന്നും മറ്റും പറഞ്ഞത്. ഇതിന്റെ സൂചന ഇതാണ്; അവർ യഥാർഥത്തിൽ അല്ലാഹുവെ ആരാധിച്ചിട്ടില്ല. ഒരു വസ്തുവെ ആരാധിച്ചു. അത് അല്ലാഹുവെന്ന് അവർ പറഞ്ഞു. അല്ലാഹു അതിനപ്പുറമാണ്.....'(റൂഹുൽ മആനീ:30/323). ചുരുക്കിപ്പറഞ്ഞാൽ ഈസാ(അ)യെ ആരാധിച്ചവർ 'അദ്ധേഹം തന്നെയാണ് അല്ലാഹു' എന്ന് പറഞ്ഞ പോലെയാണ് ഇവരുടെ ആരാധന (മാഇദ:17,72 നോക്കുക).

ചില നവീന വാദികൾ ഇങ്ങനെ പറയുന്നു: നമ്മുടെ രാജ്യത്തെ സുന്നികളെപ്പോലെ മക്കക്കാരും അല്ലാഹുവിൽ വിശ്വസിച്ചവരും അവനെ ആരാധിച്ചവരുമാണ്. പക്ഷേ, മഹാത്മാക്കളായ ലാത, ഉസ്സാദിമാരെ വിളിച്ചു പ്രാർത്ഥിച്ചതാണ് അവരുടെ 'ശിർക്ക്'. ഇത് പോലെ അല്ലാഹുവിൽ വിശ്വസിച്ചാരാധിക്കുന്ന സുന്നികൾ മഹാത്മാക്കളെ വിളിച്ചു സഹായം ചോദിക്കുന്നതും ശിർക്ക്. പക്ഷെ, ലാത, ഉസ്സാദികൾ സഹാത്മാക്കളല്ല; ബിംബങ്ങളാണ്. ഏറിക്കഴിഞ്ഞാൽ ആ പേരുകളിൽ അറിയപ്പെട്ട ചിലരുടെ അതേ പേര് ഇവക്ക് ബഹുദൈവ വിശ്വാസികൾ നൽകിയതാണ്. ജനങ്ങളെ വഞ്ചിക്കാൻ. ഇതിൽ നവീനരും കുടുങ്ങിയിരിക്കും. ഇവർ പറഞ്ഞത് പച്ചപ്പൊള്ളെന്നതിന് ഈ അധ്യായ വ്യക്തമായ തെളിവാണ്. ഇനി അവർക്ക് അല്ലാഹുവിൽ വിശ്വാസമുണ്ടെന്നു വിചാരിക്കുക; ലാത, ഉസ്സാദികളെ അല്ലാഹുവെ പോലെ തന്നെ അവർ ആരാധിച്ചു എന്നത് അവിതർക്കിതമാണ്. അഥവാ അവയും അവർക്ക് ദൈവങ്ങളായിരുന്നു.

ദൈവമെന്ന വിശ്വാസത്തോടെ ആരാധിക്കുന്നതും സഹായം ചോദിക്കുന്നതുമെല്ലാം ചേതന, അചേതന, ജീവിത, മരണ വ്യത്യാസമില്ലാതെ ശിർക്ക് തന്നെ. അതേസമയം അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് മഹാത്മാക്കൾ ജീവിത, മരണ, വ്യത്യാസമില്ലാതെ സഹായികളെന്ന് ഖുർആൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചതാണ്. ആടിനെ പട്ടിയാക്കുന്ന പണിയാണ് നവീനർ ചെയ്യുന്നത്. ഇവരെ എന്താക്കണമെന്ന് അല്ലാഹു തീരുമാനിക്കും.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കാം. ബഹുദൈവ വിശ്വാസികളുമായി പറഞ്ഞു പിരിയുകയാണല്ലോ ചെയ്തത്. പക്ഷെ, പരസ്പരം വെറുക്കുന്ന ഒരു വാക്കും നബി(സ) പറഞ്ഞില്ല; ആക്ഷേപിച്ചതുമില്ല. അവരുടെ ബഹുദൈവങ്ങൾക്ക് പ്രയോഗിച്ച അതേ 'മാ' യാണ് മേൽ സൂക്തങ്ങളിൽ അല്ലാഹുവിനു ഉപയോഗിച്ചത്. അഥവാ നിങ്ങൾ ബഹുദൈവ വിശ്വാസികളും കൊള്ളതരുതാത്ത വരുമെന്ന് അപ്പോൾ അവിടുന്ന് പറഞ്ഞില്ല. ഇതാണ് മാന്യത. പിരിയുമ്പോൾ നന്നായി പിരിയണം. കാരണവൻമാർ പറയാറുണ്ട്. 'ഗുരുത്തം കെട്ടവൻ പോകുമ്പോൾ പുര പൊളിച്ചു പോകും';അതേ;ഗുരുത്വമുള്ളവൻ പോകുമ്പോൾ പുര നിർമിച്ചു പോകും.

മാഇദ:55,56, ജാസിയ:21, മുംതഹിന:13, ഇബ്നു കസീർ:2/351,360,431, റാസി:1/149, തഹ്രീം:4, താജുൽ ഉറൂസ്:9/375, ശറഹു മുസ്ലിം:1/231, അൽ മിസ്ബാഹുൽ മുനീർ, പേജ് 12 (അലഹ), ശൈഖ് സാദാഹ്:1/128 നോക്കുക.

# അന്നസ്്റ്

അധ്യായം;110, ക്രമം;103,'അൽ ഹഷ്റിനു' ശേഷം, മദനീ, തൗബക്ക് ശേഷം എന്നുമുണ്ട്. രണ്ട് തവണ അവതരിച്ചിരിക്കാം, സൂക്തങ്ങൾ; 3

**സൂക്തം ഒന്ന്**

بِسْمِ □ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

إِذَا جَاءَ نَصْرُ □ وَالْفَتْحُ

അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകഴിഞ്ഞാൽ.(1)

**രണ്ട്**

وَرَأَيْتَ النَّاسَ يَدْخُلُونَ فِي دِينِ اللَّهِ أَفْوَاجًا

ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നത് താങ്കൾ കാണുകയും ചെയ്താൽ.(2)

**മൂന്ന്**

فَسَبِّحْ بِحَمْدِ رَبِّكَ وَاسْتَغْفِرْهُ إِنَّهُ كَانَ تَوَّابًا

താങ്കൾ രക്ഷിതാവിനെ സ്തുതികീർത്തനം ചെയ്തു പരിശുദ്ധി വാഴ്ത്തുകയും തന്നോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അവൻ പാപമോചനം നൽകുന്നവനാണ്.(3).

1-ൽ പറയുന്ന സഹായം, ഹുദൈബിയ്യ സന്ധിയും വിജയം, മക്ക ഫത്ഹുമെന്നുണ്ട്. സാധാരണ ഗതിയിൽ 'സഹായം' ലക്ഷ്യം നേടുന്നതിൽ പങ്ക് വഹിക്കും. എന്നാൽ മുഴുവനുമാകില്ല. ആയിരം രൂപ ആവശ്യമുള്ളയാൾക്ക് അഞ്ഞൂറ് കൊടുക്കുന്നത് 'സഹായ'മാണ്. മുഴുവൻ കൊടുക്കുന്നത് പൂർണ്ണ പരിഹാരവുമാണ്. ഇവിടെ പ്രത്യക്ഷത്തിൽ നബി(സ)യെ സഹായിക്കാൻ അനുയായികളുണ്ടായിരുന്നു. ഇവരെ പരിഗണിച്ചാണ് 'അല്ലാഹുവിന്റെ സഹായം' എന്ന് പറഞ്ഞത്. വാസ്തവത്തിൽ ഇവരെ സഹായികളാക്കിയതും അതിനുവേണ്ട മനക്കരുത്തും ശേഷിയും നൽകിയതും അല്ലഹു മാത്രമാണ്. ഇതാണ്

ശേഷം 'വൽ ഫത്ഹു' എന്ന് കൂട്ടിച്ചേർത്തത്. വിജയം അല്ലാഹുവിന്റെ ഭാഗത്ത് നിന്നുത ന്നെയാണല്ലോ.

മക്കാ വിജയം സംബന്ധിച്ച് 'അൽ ഫത്ഹ്' അധ്യായത്തിലും അതിന് മുമ്പും വിശദമാ യി പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ ചുരുക്കം ചിലരല്ലാതെ അന്ന് നബിയെയും അനുയാ യികളെയും നേരിടാൻ തയ്യാറായില്ല. അവരൊക്കെ ഭയന്നിരുന്നത് പൂർവ്വകാല വൈരം തീർക്കാൻ ഇപ്പോൾ പ്രവാചകൻ തയ്യാറാകുമോ എന്നായിരുന്നു. പക്ഷെ, തങ്ങളെ യെല്ലാം സന്തോഷതരളിതരാക്കി അവിടന്ന് പ്രഖ്യാപിച്ചു. 'നിങ്ങളെയെല്ലാം വെറുതെ വി ട്ടിരിക്കുന്നു'. ക്രൂര ശത്രുക്കളായ പതിനഞ്ച് പേരെ വധിക്കാൻ തീരുമാനിച്ച ശേഷമായിരു ന്നു ഇത്. പിന്നെ ഇവരിൽ ബഹുഭൂരിഭാഗത്തെയും വിട്ടയച്ചു.

ഇങ്ങനെ എല്ലാവരെയും വിട്ടയച്ചതോടെ നബിയെ പറ്റി ജനം കൂടുതൽ ചിന്തിച്ചു ഇപ്ര കാരം പരസ്പരം പറഞ്ഞു: 'അബ്റഹത്തിന്റെ പട്ടാളത്തെ അല്ലാഹു നശിപ്പിച്ചപ്പോൾ എല്ലാവരും വിചാരിച്ചത് മക്കക്കാർ അല്ലാഹുവിന്റെ ഇഷ്ടദാസരാണ്; അവരുടെ വിശ്വാസാ ചാരങ്ങൾ അല്ലാഹു ഇഷ്ടപ്പെട്ടതാണ് ഇതിനു കാരണം.' പക്ഷെ, മക്ക ഫത്ഹായി ന ബി(സ)യുടെ കീഴിൽ വന്നപ്പോൾ ഇതെല്ലാം നബി(സ)ക്ക് വേണ്ടി അല്ലാഹു മുൻകൂട്ടി ചെയ്തതാണെന്നും തനിക്കെതിരിൽ വരാവുന്ന ഭീഷണിയായ ആനപ്പടയെ അവൻ തോൽപ്പിച്ചതാണെന്നും അവർ വിലയിരുത്തി. ഇങ്ങനെയാണ് 2-ൽ കാണുന്ന പോലെ ജ നങ്ങൾ ഇസ്ലാമിലേക്കൊഴുകിയത്.

അബ്റഹത്തും സൈന്യങ്ങളും ക്രിസ്തുമത വിശ്വാസത്തിൽ അലിഞ്ഞുചേർന്നവരാണ്. നബി(സ) ഇസ്ലാമുമായി മക്കത്ത് പ്രത്യക്ഷപ്പെടുമ്പോൾ അയൽ രാജ്യമെന്ന നിലയിൽ അബ്റഹത്തും മറ്റും നബിക്കെതിരിൽ തിരിയാൻ സാധ്യതയുണ്ട്; വിശിഷ്യാ മക്കക്കാരെ കൂട്ടുപിടിച്ചുകൊണ്ട്. പക്ഷെ, അതിന് മുമ്പ് തന്നെ അവരുടെ സകല സൈനിക ശ ക്തിയും നബി(സ) ജനിക്കും മുമ്പേ തന്നെ അല്ലാഹു നശിപ്പിച്ചു. മാത്രമല്ല, നബി പ്ര ബോധന രംഗത്തെത്തിയപ്പോൾ അബ്റഹത്തിന്റെ രാജ്യമായ എത്യോപ്യയും അതിന്റെ ഭാഗമായ യമനും ഇസ്ലാമിക വിശ്വാസത്തിന് വിളനിലമായി. ഇങ്ങനെയാണ് ഇതേ അ ബ്റഹത്തിന്റെ പൗത്രനായ അസ്ഹമ രാജാവ് മുസ്ലിമാകുന്നത്. മുസ്ലിമാകും മുമ്പാണ് സ്വഹാബിമാർ പലരും അങ്ങോട്ട് പലായനം ചെയ്തത്. വമ്പിച്ച സ്വീകരണവും സഹായ വുമാണ് രാജാവ് അവർക്ക് അവിടെ നൽകിയത്. അദ്ധേഹം മരണപ്പെട്ടപ്പോൾ നബിയും അനുയായികളും മദീനത്ത് മയ്യിത്ത് നിസ്കരിച്ചത് പ്രസിദ്ധവും പ്രബലവുമാണ്.

മുആദുബ്നു ജബൽ, അലി(റ) എന്നിവരെ നബി(സ) അങ്ങോട്ട് പ്രബോധനാർത്ഥം നി യോഗിച്ചതും 'ഹജ്ജതുൽ വദാ'ഇൽ അലിയുടെ നേതൃത്വത്തിൽ ഒരു സംഘം ഹ ജ്ജിനും നബിയെ കാണുന്നതിനുമെത്തിയതും ശ്രദ്ധേയമാണ്; ഇബ്നു അബ്ബാസ്(റ) പറ യുന്നു:'മദീനത്ത് നബി(സ) ഇങ്ങനെ പറഞ്ഞു: അല്ലാഹു അക്ബർ അല്ലഹു അക്ബർ അല്ലാഹുവിന്റെ സഹായവും വിജയവും വന്നു; യമനികൾ എത്തിക്കഴിഞ്ഞു.' അപ്പോൾ ചോദിക്കപ്പെട്ടു; 'പ്രവാചകരേ എന്താണ് യമനികളുടെ പ്രത്യേകത?' നബി(സ) പറ ഞ്ഞു;'തങ്ങളുടെ ഹൃദയങ്ങൾ ലോലമാണ്. പ്രകൃതം സരളവുമാണ്. വിശ്വാസം 'യമാ നീ'യാണ്. തത്വവും യമാനീയാണ്.' (ഇബ്നു കസീർ;4/601).

'അല്ലാഹുവിന്റെ സഹായമായ ഹുദൈബിയ്യ സന്ധിയും(ഹിജ്റ:6) മക്കാ വിജയ(ഹിജ് റ:8) വും സംഭവിച്ചു ജനങ്ങൾ ഇസ്ലാമിലേക്ക് ഒഴുകുന്നത് കണ്ടാൽ താങ്കൾ അല്ലാഹുവെ സ്തുതിച്ച് പരിശുദ്ധി വാഴ്ത്തുക'. എന്നാണല്ലോ 3-ൽ പറഞ്ഞത്.  ഇത് ഹജ്ജതുൽ വ ദാഇൽ തൗബ അധ്യായത്തിന് ശേഷം അവതരിച്ചതാണെന്ന് പറയുന്നവരുണ്ട്. തൗബക്ക് ശേഷവും മുമ്പും രണ്ടു തവണ അവതരിക്കാമെന്ന് തുടക്കത്തിൽ നാം പറഞ്ഞല്ലോ. ഏ

താകട്ടെ, മേൽ പറഞ്ഞ മൂന്ന് കാര്യം-സഹായം, വിജയം, ജനങ്ങളുടെ ഒഴുക്ക്- സംഭവിച്ചുകഴിഞ്ഞാൽ നബി(സ)യുടെ നിയോഗത്തിന്റെ ലക്ഷ്യം പൂർണ്ണമായെന്നും ഇനി നബിക്ക് വിശ്രമിക്കാമെന്നുമാണ് ഇതിനർത്ഥം. ഇത്കൊണ്ട്തന്നെ ശേഷം നബി(സ) ഹജ്ജിനോ ഉംറക്കോ യുദ്ധത്തിനോ പോയിട്ടില്ല. മേൽ സൂക്തത്തിൽ നിർദേശിക്കപ്പെട്ട 'ഹംദും തസ്ബീഹുമ'ായി കഴിഞ്ഞ്കൂടി. നബി(സ) ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴുമെല്ലാം 'സുബ്ഹാനല്ലാഹി വബിഹംദിഹീ' എന്ന് പറയാറുണ്ടായിരുന്നു.

മേൽ സൂക്തമവതരിച്ചപ്പോൾ 'ഇത് എന്റെ മരണത്തിന്റെ അറിയിപ്പാണ്' എന്ന് അവിടുന്ന് പറഞ്ഞു. മകൾ ഫാതിമയെ വിളിച്ചു ഇക്കാര്യം ആദ്യം തന്നോടാണ് പറഞ്ഞത്. അവർ ഇത് കേട്ട് കരഞ്ഞു. തുടർന്ന് നബി(സ) പറഞ്ഞു:'എന്റെ കുടുംബത്തിൽ ഞാനുമായി ആദ്യം കണ്ടുമുട്ടുന്നത് നീയാണ്' ഇത് കേട്ട് അവർ വളരെയേറെ സന്തോഷിച്ചു. നബിയുടെ വഫാത്തിന് ശേഷം ആദ്യം നടന്നത് തന്റെ വഫാത്താണ്, ആറാം മാസത്തിൽ.

അധ്യായത്തിന്റെ അവതരണ സമയത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നു കണ്ടല്ലോ; ചിലർ പറയുന്നു: മക്ക ഫത്ഹിന് മുമ്പെന്ന് വേറെ ചിലർ പറയുന്നത് 'ഇത് അവതരിച്ച ശേഷം അറുപത് ദിവസം മാത്രമാണ് നബി(സ)ജീവിച്ചത്. മരണം വരെ ഹംദും തസ്ബീഹുമായി കഴിഞ്ഞ് കൂടി' എന്നാണ്.

ഇനിയും ചിലർ പറയുന്നതിങ്ങനെ: ഈ അധ്യായത്തിനു ശേഷം ഒരു വർഷവും 'അൽ യൗമ അക്മൽതു ലകും'(മാഇദ:3) എന്നതിന് ശേഷം 80 കലാലയുടെ സൂക്ത(നസാഅ്:176)ത്തിനു ശേഷം50, 'ലഖദ് ജാഅകും റസൂലുൻ'(തൗബ:128) എന്നതിനു ശേഷം 35, അവസാനമായി വത്തഖൂ യൗമൻ തുർജഊന ഫീഹി ഇലല്ലാഹി' (അൽ ബഖറ 281)ക്ക് ശേഷം 11 ദിവസങ്ങളും നബി(സ) ജീവിച്ചു. റാസി:32/165 നോക്കുക.

അബ്റഹത്തിനെ അല്ലാഹു പരാജയപ്പെടുത്തിയതും പിന്നെ മക്കയുടെ അധികാരം നബി(സ)ക്ക് ലഭിച്ചതും ഇത് നബി(സ) സത്യപ്രവാചകനാണെന്നതിനു തെളിവായി തങ്ങൾ വിചാരിച്ചതും കൊണ്ടാണ് ജനങ്ങൾ ഇസ്ലാമിലേക്ക് ഒഴുകിയതെന്ന് വന്നല്ലോ. അഥവാ നബി(സ) സ്ത്യപ്രവാചകനാണ് എന്നതിന് ഇവരുടെ മാനദണ്ഡം ഒരു സാധാരണ വിജയമാണ്. ബുദ്ധിപരവും ഗവേഷണാടിസ്ഥാനത്തിലും വിലയിരുത്തുമ്പോൾ ഇതൊരു മാനദണ്ഡമല്ല. കാരണം, പടച്ചവൻ ഇഷ്ടപ്പെടുന്നവർ പരാജയപ്പെടാറുണ്ട്, ഇഷ്ടപ്പെടാത്തവർ വിജയിക്കാറുമുണ്ട്. പക്ഷെ, മേൽ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിൽ പ്രവേശിച്ചെന്നു 2-ൽ പറയുന്നുണ്ട്. എങ്കിൽ സാധാരണക്കാർക്ക് വിശ്വസിക്കാൻ സാധാരണ ഗതിയിലുള്ള തെളിവുകൾ മതിയെന്നും മറ്റുള്ളവരെ വിശ്വാസത്തിൽ അനുകരിക്കാമെന്നും ഇത് വ്യക്തമാക്കുന്നു. കൂട്ടം കൂട്ടമായി വന്നു മതം സ്വീകരിച്ച ഗ്രാമീണ അറബികളെല്ലാം ബുദ്ധിപരവും ചിന്താപരവുമായി ഉയർന്നവരല്ലല്ലോ.'മുഖല്ലിദി'ന്റെ ഈമാൻ സാധുവെന്ന് ഇവിടെ വായിച്ചെടുക്കാം. റാസി:32/157 നോക്കുക.

## അൽ മസദ്

അധ്യായം;111, ക്രമം;6,'അൽ ഫാത്തിഹ'ക്ക് ശേഷം. അർത്ഥം:നാര് പിരിച്ചുണ്ടാക്കിയ കയർ. 'തബ്ബത്' എന്നും പേരുണ്ട്. സൂക്തങ്ങൾ; 5

**സൂക്തം ഒന്ന്**

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ

അബൂലഹബിന്റെ രണ്ട് കൈകളും നശിക്കട്ടെ; താൻ തന്നെയും നശിച്ചിരിക്കുന്നു.(1)

**രണ്ട്**

مَا أَغْنَى عَنْهُ مَالُهُ وَمَا كَسَبَ

തന്റെ ധനവും സമ്പാദ്യവും തന്നെ രക്ഷിക്കില്ല.(2)

**മൂന്ന്**

سَيَصْلَى نَارًا ذَاتَ لَهَبٍ

ആളിക്കത്തുന്ന അഗ്നിയിൽ പിന്നെ താൻ പ്രവേശിക്കും.(3)

**നാല്**

وَامْرَأَتُهُ حَمَّالَةَ الْحَطَبِ

വിറക് ചുമന്ന്കൊണ്ട് തന്റെ ഭാര്യയും.(4)

**അഞ്ച്**

فِي جِيدِهَا حَبْلٌ مِنْ مَسَدٍ

അവളുടെ കഴുത്തിൽ പിരിച്ച കയറുണ്ടായിരിക്കും.(5).

അബൂലഹബ് നബി(സ)യുടെ മൂത്താപ്പയാണ്. പേര് അബ്ദുൽ ഉസ്സാ; മുഖത്തിന് നല്ല തിളക്കമായിരുന്നു. ഇത്കൊണ്ടാണ് 'അബൂ ലഹബ്' (തെളിഞ്ഞയാൾ) എന്ന് ജനങ്ങൾ പേരിട്ടത്. നബി(സ)യുടെ ഏറ്റവും വലിയ ശത്രുവായിരുന്നു. പ്രബോധനം ചെയ്ത്കൊണ്ടിരിക്കുന്ന പ്രവാചകനെ താൻ അങ്ങാടിയിലും കവലകളിലും പിന്തുടരും. നബി ആരെയെല്ലാം ഇസ്ലാമിലേക്ക ക്ഷണിക്കുന്നോ അവരോടൊക്കെ 'ഇവൻ കള്ളനാണ്, അധികാരം ലഭിക്കാൻ പ്രവാചകനായി വേശം കെട്ടിയതാണ്' എന്നും മറ്റും പറയും.

ഒരിക്കൽ 'സഫാ' കുന്നിൽ നബി(സ) സ്വന്തക്കാരുടെ ഒരു യോഗം വിളിച്ച് ചേർത്തു.'സ്വന്തക്കാരെ താക്കീത് ചെയ്യണം'(ശുഅറാഅ്:214) എന്ന കൽപനയെതുടർന്നായിരുന്നിത്. അവിടെവച്ചു എല്ലാവരെയും നബി (സ)ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിക്കുകയും 'ഞാൻ നിങ്ങളുടെ താക്കീതുകാരനാണ്, നിങ്ങൾ എന്നെ വിശ്വസിക്കണം' എന്ന് പറയുകയും ചെയ്തു. ഇപ്പോൾ അബൂലഹബ് ചാടി എഴുനേറ്റ് 'തബ്ബൻ ലക ഫീ സാഇരിൽ അയ്യാം'(എല്ലാ ദിവസവും നിനക്ക് നാശമാണെടാ) 'അലി ഹാദാ ജമഅ്തനാ?'(ഇതിനാടാ നീ ഞങ്ങളെ വിളിച്ചു ചേർത്തത്?) എന്നിങ്ങനെ അതിശക്തമായി ശപിച്ചു. എല്ലാവരോടും പിരഞ്ഞുപോകൻ കൽപ്പിക്കുകയും ചെയ്തു. ഇപ്പോഴാണ് അധ്യായം അവതരിച്ചത്.

തന്നെ തന്റെ അതേ ശൈലിയിലാണ് ഖുർആൻ ശപിച്ചത്. പക്ഷെ, താൻ നബി(സ)യെ ശപിച്ചത് ഫലം കണ്ടില്ല. തന്നെ അല്ലഹു ശപിച്ചത് പുലർന്നു. തന്റെ മകൻ ഉത്ബയെ ഒരു യാത്രയിൽ ഒരു സിംഹം കൊന്നു. താൻ കുരിപ്പ് പിടിച്ച് മരിച്ചു. മുറിവുകൾക്ക് അതിശക്തമായ നാറ്റമുണ്ടായിരുന്നു. അതിനാൽ സ്വന്തക്കാരാരും അടുത്ത് വന്നില്ല. വളരെ ദയനീയമായിരുന്നു അന്ത്യം.

തെളിഞ്ഞ മുഖമുള്ള താൻ നന്നായി തെളിഞ്ഞു കത്തുന്ന നരകത്തിൽ പ്രവേശിക്കും. അതോടെ തെളിവ് കൂടും. തന്റെ കൂടെ ഭാര്യ ഉമ്മു ജമീലും ഉണ്ടാകും. നബി വീട്ടിൽ നിന്ന് കഅ്ബയിലേക്ക് പോകുന്ന വഴിയിൽ മുള്ളിടലായിരുന്നു തന്റെ പ്രധാന ജോലി. വിറകിനായി വെട്ടി കൊണ്ട് വരുന്ന മുൾ മരങ്ങളുടെ മുള്ളുകളാണ് ഇതിനുപയോഗിക്കുക. വിറക് കെട്ടാനുള്ള നാര് പിരിച്ച കയർ അപ്പോൾ കഴുത്തിലുണ്ടാകും. ഈ അവസ്ഥ ചിത്രീകരിച്ചും അനുസ്മരിച്ചുമാണ് താൻ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുക. അല്ലെങ്കിൽ മാലാഖമാർ തന്റെ കഴുത്തിൽ കയറിടുമെന്നുമാകാം. ഏതാകട്ടെ 'ചക്കിക്കൊത്ത ശങ്കരൻ' തന്നെ.

# അൽ ഇഖ്ലാസ്

അധ്യായം;112, ക്രമം;22,'അന്നാസിനു' ശേഷം, മക്കീ, സൂക്തങ്ങൾ 4, 'അൽ അഹദിയ്യ' 'അൽ അസാസ്' എന്നും മറ്റും ഇരുപതോളം പേരുകളുണ്ട്.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

قُلْ هُوَ اللَّهُ أَحَدٌ

താങ്കൾ പറയുക, അവൻ-അല്ലാഹു- ഒന്ന് മാത്രമാണ്.(1)

**രണ്ട്**

 الصَّمَدُ

അല്ലാഹു നിരാശ്രയനും സർവ്വാശ്രിതനുമാണ്.(2)

**മൂന്ന്**

لَمْ يَلِدْ وَلَمْ يُولَدْ

അവൻ പിതാവായിട്ടില്ല. സന്താനവുമായിട്ടില്ല.(3)

**നാല്**

وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ

അവനു തുല്യമായി ഒന്നുമില്ല.(4)

വളരെ ഏറെ പുണ്യമുള്ള അധ്യായമാണിത്. ഖുർആന്റെ മൂന്നിലൊന്നെന്നു നബിയിൽനിന്ന് അനവധി റിപ്പോർട്ട്കളിലൂടെ സ്ഥിരപ്പെട്ടിട്ടുണ്ട്. ഏതൊരു നന്മക്കും പത്തു പ്രതിഫലമുണ്ടെന്ന് അള്ളാഹു( അൻആം :160) പറഞ്ഞല്ലോ. ഇത് പൂർണമായി ലഭിക്കുന്നത് അതേ നന്മ ഏറ്റം ഉയർന്ന രൂപത്തിലാകുമ്പോയാകും. എങ്കിലും ഈ അധ്യായത്തിന് ഖുർആന്റെ മൊത്തം പത്തിന്റെ മൂന്നിലൊന്ന് പ്രതിഫലം പ്രതീക്ഷിക്കാം. എന്നാൽ ഖുർആൻ മുഴുവനും ഓതാനുള്ള നേർച്ച വീടാൻ ഇത് മൂന്ന് തവണ ഓതിയാൽ പോരാ.

അനസ്(റ) ഉദ്ധരിക്കുന്നു: അൻസാറുകളിൽ പെട്ട ഒരാൾഖുബാ പള്ളിയിൽ ഇമാമായിരുന്നു. അദ്ദേഹം നിസ്കാരത്തിൽ 'സൂറത്ത്

'ഓതുമ്പോൾ ഖുൽഹുവല്ലാഹു ഓതും. പിന്നെ നിശ്ചിത സൂറത്തും. തന്നിമിത്തം ജനങ്ങൾ പറഞ്ഞു:' ഒന്നുകിൽ താങ്കൾ ഖുൽഹുവല്ലാഹു കൊണ്ട് മതിയാക്കുക അല്ലെങ്കിൽ മറ്റേതെങ്കിലും മാത്രം ഓതുക' അദ്ദേഹം പറഞ്ഞു:' ഞാൻ ഇങ്ങനെ ചെയ്യൂ. അല്ലെങ്കിൽ നിങ്ങൾ വേറെ ഇമാമിനെ വെച്ചോളൂ'. അങ്ങനെയിരിക്കെ നബി (സ )അവിടെയെത്തി. അവർ ഇക്കാര്യം നബി(സ )യോട് പറഞ്ഞു.നബി(സ ) ഇമാമോട് ഇങ്ങനെ ചോദിച്ചു:' താങ്കളുടെ ആളുകൾ പറയുന്നത് കേൾക്കാതെ താങ്കൾ ഈ അധ്യായം സ്ഥിരം ഓതുന്നത് എന്തിന്?' അദ്ദേഹം പറഞ്ഞു:' എനിക്കത് ഇഷ്ടമാണ്:അത് അല്ലാഹുവിന്റെ വിശേഷങ്ങൾ അല്ലേ.' നബി(സ ): 'അതോടുള്ള ഇഷ്ടം നിന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു.'(ബുഖാരി).

10, 20,30 തവണകളായി ഈ അധ്യായം ഓതുന്നവന് സ്വർഗ്ഗത്തിൽ അത്ര കൊട്ടാരങ്ങൾ ലഭിക്കുമെന്ന് നബി(സ ) പറഞ്ഞിട്ടുണ്ട്.ഓത്ത് ഏത് സമയത്തും ആകാം. നിസ ്കാരത്തിനു ശേഷം, വീട്ടിൽ പ്രവേശിക്കുമ്പോൾ, രാവും പകലുമായി മറ്റു സമയങ്ങളിൽ, നടക്കുമ്പോൾ, ഇരിക്കുമ്പോൾ, എഴുന്നേൽക്കുമ്പോൾ, വിശിഷ്യ രാത്രി ഉറങ്ങുമ്പോൾ ഇതോ തുന്നത് വളരെ പുണ്യമെന്ന് നബി(സ)യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ഇതും അൽഫലകും അന്നാസും ചേർത്തോതുന്നതിന് വളരെയേറെ പുണ്യമാണ്. ഉഖ്ബതുബ്നു ആമിർ (റ ) ഉദ്ധരിക്കുന്നു:' ഞാൻ നബിയെ കണ്ടുമുട്ടി, അടുത്തുചെന്നു അവിടുത്തെ കൈ പിടിച്ചു ചോദിച്ചു :' നബിയേ, വിശ്വാസി രക്ഷപ്പെടാൻ എന്തുവേണം? ' അവിടുന്ന് പറഞ്ഞു : ഇന്ത്യ നാവ് മൂകമാകണം, നീ വീട്ടിൽ ഒതുങ്ങണം, ചെയ്ത കുറ്റത്തിന്റെ പേരിൽ കരയണം, പിന്നെ ഒരിക്കൽ നബി(സ ) എന്നെ കണ്ടു. എന്റെ കൈ പിടിച്ചു ഇങ്ങനെ ചോദിച്ചു : ഉഖ്ബ, തൗറാ, ഇഞ്ജീൽ, സബൂർ, ഖുർആൻ എന്നിവയിൽ ഉള്ളതിൽ ഉത്തമമായ മൂന്ന് അധ്യായങ്ങൾ ഞാൻ നിനക്ക് അറിയിച്ചു തരട്ടെയോ? ഞാൻ പറഞ്ഞു: അതെ, അങ്ങേക്ക് ഞാൻ ദണ്ഡമാണ്. അവിടുന്ന് പറഞ്ഞു : ഖുൽ ഹുവല്ലാഹു, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്,ഖുൽ അഊദു ബിറബ്ബിന്നാസ്. ശേഷം അവിടുന്നു പറഞ്ഞു :'ഉഖ്ബ, താങ്കൾ ഇവ മറക്കരുത്. ഇവ ഓതാതെ ഒരു രാത്രിയും താങ്കൾ ഉറങ്ങുകയും അരുത് '( അഹ്മദ് )

ആയിഷ (റ ) ഉദ്ധരിക്കുന്നു: നബി എല്ലാ രാത്രിയും ഉറങ്ങാനായാൽ രണ്ട് മുൻകൈയും ചേർത്തുപിടിച്ചു ഖുൽ ഹുവല്ലാഹു, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്,ഖുൽ അഊദു ബിറബ്ബിന്നാസ് ഓതി അതിൽ ഊതും. ശേഷം അതുകൊണ്ട് തലയും മുഖവും മുൻഭാഗവും കടവും (ബുഖാരി, അസ്ഹാബ് സുനൻ).

ഇവ മൂന്നും ഏതുസമയത്തും ഇരിക്കുമ്പോഴും നടക്കുമ്പോഴും ഓതാനുള്ളതെന്നും മറ്റും നിരവധി റിപ്പോർട്ടുകളിൽ കാണാം. ഇതാകാം ഇരുന്നോ നടന്നോ എഴുന്നേറ്റോ ചെയ്യുന്ന ഏത് നല്ല കാര്യത്തിന്റെയും ആദ്യവും അവസാനവും വിശ്വാസികൾ ഇവ ഓതി പ്രാർത്ഥിക്കുന്നത്.

ഇവ മൂന്നും ഇബ്നുമസ്ഊദ് (റ )വിന്റെ മുസ്ഹഫിൽ ഇല്ല. അദ്ദേഹം പറഞ്ഞ കാരണം ഇതാണ് : ഇത് എഴുതിവെക്കാൻ മാത്രമുള്ളതല്ല വായ്കൊണ്ട് എപ്പോഴും മന്ത്രിക്കാൻ ഉള്ളതാണ് അതുകൊണ്ടാണ് 'ഖുൽ' (പറയുക) കൊണ്ട് ആരംഭിക്കപെട്ടത്. വേറെ ചിലതിലും 'ഖുൽ' ഉണ്ട്.പക്ഷേ, അവ ഇവ പോലെ എപ്പോഴും ഓതാൻ നിർദ്ദേശം ഇല്ലല്ലോ. ഇബ്നു കസീർ :4/205,209 നോക്കുക.

ഈ അദ്ധ്യായത്തിന്റെ പ്രധാന നാമങ്ങളാണ്'അൽ ഇഖ്ലാസ്'( നിഷ്കളങ്കമാക്കുക) അൽ അഹദിയ്യ( ഏകമായിരിക്കുക) അൽ അസാസ് (അടിത്തറ)എന്നിവ. മറ്റുള്ളവയെല്ലാം ഇതിന്റെ ഉള്ളടക്കമാണ്.

ഇക്രിമ(റ) ഉദ്ധരിക്കുന്നു; ജൂതർ പറഞ്ഞു:'ഞങ്ങൾ ദൈവപുത്രനായ ഉസൈറിനെ ആരാധിക്കുന്നു.' ക്രിസ്ത്യൻ പറഞ്ഞു:'ഞങ്ങൾ ദൈവപുത്രനായ മസീഹയെ ആരാധിക്കുന്നു'. തീ പൂജകർ പറഞ്ഞു:'ഞങ്ങൾ സൂര്യ ചന്ദ്രൻമാരെ ആരാധിക്കുന്നു'. ബഹുദൈവവാദികൾ പറഞ്ഞു;'ഞങ്ങൾ ബിംബങ്ങളെ ആരാധിക്കുന്നു.' ഇപ്പോഴാണ് ഇത് അവതരിച്ചത്. മേൽ പറഞ്ഞ എല്ലാ വാദങ്ങൾക്കും മറുപടിയാണിത്.

ഉബയ്യുബ്നു കഅ്ബ്(റ) പറയുന്നു: ബഹുദൈവവാദികൾ നബിയോട് ഇങ്ങനെ പറഞ്ഞു:'മുഹമ്മദേ നിന്റെ രക്ഷിതാവിന്റെ വിലാസമെന്തെന്ന് ഞങ്ങൾക്ക് നീ പറഞ്ഞുതരണം'. അപ്പോഴാണ് ഈ സൂക്തങ്ങൾ അവതരിച്ചത്. അതും ഇതും എതിരല്ല; ഏതാണ്ട് ഒരേ സംഭവമാണ്.

അബൂഹുറൈറ(റ) രേഖപ്പെടുത്തുന്നു;നബി(സ)പറഞ്ഞു:'ഓരോ വസ്തുവിനും അതിന്റെതായ വിലാസമുണ്ടാകും. അല്ലാഹുവിന്റെ വിലാസമാണ് 'ഖുൽ ഹുവള്ളാഹു അഹദ് അല്ലാഹുസ്സ്വമദ്' '(ത്വബ്റാനി)

ഇവിടെ ആദ്യമായി ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹുവിൽ-ലോക സൃഷ്ടാവിൽ- വിശ്വസിക്കുന്നവർ വ്യത്യസ്ത വീക്ഷണക്കാരാണ്. സർവ്വ ശക്തൻ, അനാദ്യൻ, അനന്തൻ, ഏറ്റം സ്നേഹിക്കപ്പെടേണ്ടവൻ തുടങ്ങിയ വിശേഷണങ്ങളാണ് അല്ലാഹുവെ പരിചയപ്പെടുത്തുന്നത്. അഥവാ അവന്റെ തടി-ശരീരം- പരിചയപ്പെടുത്താൻ ആർക്കും സാധ്യമല്ല. ഇതാണ് 'വിലാസം' പറഞ്ഞത്. ആളെ നേരെ കിട്ടില്ലെന്നർത്ഥം. ഇപ്പറഞ്ഞ വിശേഷങ്ങൾ അംഗീകരിക്കുന്നവർതന്നെ വിവിധ രൂപങ്ങളിൽ അല്ലാഹുവെ സങ്കൽപ്പിക്കുന്നുണ്ട്. അല്ലാഹുവെ പരിചയപ്പെടുത്താൻ പല രൂപഭാവങ്ങൾ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നുമുണ്ട്. ഇതിന്റെ ഭാഗമാണ് ബിംബങ്ങൾ. ഇതൊന്നും യഥാർത്ഥ അല്ലാഹുവെ നിർവ്വചിക്കുന്നില്ല. അതിനാൽ അല്ലാഹു ആരെന്ന് താങ്കൾ പറയുക. താങ്കൾ നിർവ്വചിക്കുന്ന അല്ലാഹുവാണ് യഥാർത്ഥ അല്ലാഹു. താങ്കൾ നിർവ്വചിക്കുന്ന-താങ്കൾ അംഗീകരിക്കുന്ന അല്ലഹുവിൽ മാത്രം വിശ്വസിക്കുന്നവനേ ഏകദൈവ വിശ്വാസിയാകൂ.

തങ്ങളുടെ വാദപ്രകാരം ഒറ്റ ദൈവത്തിൽ വിശ്വസിക്കുന്നവരെല്ലാം ഖുർആന്റെ ഭാഷയിൽ ഏകദൈവ വിശ്വാസികളല്ല.; ഇതാണ് 'അല്ലാഹു ഒരുവനെന്ന് താങ്കൾ പറയണം' എന്നതിനർത്ഥം. അഥവാ മറ്റുള്ളവർ പറയുന്ന 'ഒരുവൻ' യഥാർത്ഥത്തിൽ ഒരുവനാകില്ലെന്നു തന്നെ.

വിശ്വാസിനികൾക്കുള്ള പ്രത്യേക ആനുകൂല്യം വാങ്ങാൻ മുആവിയതുബ്നുൽ ഹകമിന്റെ അടിമ സ്ത്രീ നബി(സ)യെ സമീപിച്ചു. താൻ വിശ്വാസിനിയാണോ എന്ന് നബി പരിശോധിച്ചു. അഥവാ അല്ലാഹു എവിടെ? എന്ന് തന്നോട് നബി ചോദിച്ചു. താൻ ആകാശത്തേക്ക് ചൂണ്ടി 'ആകാശത്ത്' എന്ന് പ്രതികരിച്ചു. അപ്പോൾ നബി(സ) ചോദിച്ചു; ഞാൻ ആരാണ്? അവൾ പറഞ്ഞു: ''താങ്കൾ അല്ലാഹുവിന്റെ ദൂതൻ' ഇതോടെ വിശ്വാസിനിയായി അംഗീകരിച്ചു ആനുകൂല്യം നൽകി.

ആകാശത്തേക്ക് ചൂണ്ടി പറഞ്ഞ്കൊണ്ട് മാത്രം ഏകദൈവ വിശ്വാസം സ്ഥിരപ്പെടില്ല. ആകാശഗോളങ്ങൾ ദൈവങ്ങളെന്നു വിശ്വസിക്കുന്നവരുണ്ടല്ലോ. പക്ഷെ, 'നബി അല്ലാഹുവി

ന്റെ ദൂതൻ' എന്ന് സമ്മതിച്ചതോടെ പ്രശ്നം തീർന്നു. എങ്കിൽ 'ആകാശങ്ങളിൽ തനിയെ അധികാരം നടത്തുന്നവ

നാണ് അല്ലാഹു' എന്നാണ് സ്ത്രീ പറഞ്ഞെതെന്ന് വ്യാഖ്യാനിക്കാം. അവർ നബിയെ അംഗീകരിക്കുന്നത്കൊണ്ട് തന്നെ. ചുരുക്കത്തിൽ നബിയുടെ നിർവചനമാണ് ഏകദൈവ വിശ്വാസത്തിൽ അവസാന വാക്ക്. ആ 'വിലാസം' ഈ 'വില്ലേജിൽ' നിന്നു തന്നെ ലഭിക്കണം. ഇതാണ് 'ഖുൽ'.അഹദ്, വാഹിദ് രണ്ടും അല്ലാഹുവിന്റെ വിശേഷണങ്ങളാണ്. പക്ഷെ, ഇതിൽ വിലാസമാണ് 'അഹദ്' ഒന്ന്, ഒരുവൻ, ഏകൻ എന്നെല്ലാം അർത്ഥമുണ്ട്. പക്ഷെ, 'വാഹിദി'ന് ഒന്ന് എന്ന് പറയാമോ? ഇത് ചിന്തിക്കേണ്ടതാണ്. കൃത്യ നാമവിശേഷമാണ് 'വാഹിദ്' . കർത്താവല്ല. വിശേഷങ്ങളിൽ നിലനിൽക്കുന്നതും നിൽക്കാത്തതുമുണ്ടാകും. നിൽക്കുന്നവൻ ഇരിക്കും. ജീവിക്കുന്നവൻ മരിക്കും. 'ഒന്നായവൻ' ഏകനായവൻ എന്നും മറ്റുമാണ് വാഹിദിനർഥം.'ഒന്നായവർ' രണ്ടാകാമല്ലോ. ഒരാൾ മരിച്ചാൽ ശരീരവും ആത്മാവും രണ്ടായി. എങ്കിൽ ശേഷം 'രണ്ടായവനാ'ണവൻ. പക്ഷെ, 'അഹദ്' ഒന്നായവനല്ല: എന്നും ഒന്നാണ്. അത് രണ്ടാകുന്ന പ്രശ്നമേയില്ല. ചുരുക്കത്തിൽ 'അഹദും വാഹിദും' തമ്മിൽ ഏകതാർത്ഥത്തിൽ വ്യത്യാസമുണ്ട്.

ആദ്യ എണ്ണം ഒന്ന്. പിന്നെയാണ് രണ്ടും മൂന്നുമെല്ലാം. ഒന്നില്ലെങ്കൽ അതൊന്നുമില്ല. ഒന്നുണ്ടാകാൻ മറ്റൊന്നിന്റെ ആവശ്യവുമില്ല. രണ്ട് 'അര'കൾ ചേർന്നതല്ലേ ഒന്ന്? എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ഒന്ന് സ്ഥിരപ്പെടുമ്പോഴാണ് അര സങ്കൽപ്പിക്കപ്പെടുന്നത്. അതൊരു പരിഗണന മാത്രം. എന്നാൽ തന്നെ പകുതിയാക്കാൻ പറ്റുന്നിടത്തേ അരയുള്ളൂ. ആത്മാവിന് 'അര'യോ 'കാലോ' അംശമോ ഇല്ല. അതിനാൽ രണ്ട് 'അര' ചേർന്നതാണ് ഒരു ആത്മാവ് എന്ന് പറയാനൊക്കില്ല. എങ്കിൽ പരമാത്മാവായ അല്ലാഹു ഒരർത്ഥത്തിലും രണ്ടരയോ കാലും മുക്കാലുമോ ചേർന്നതല്ല; അവിഭാജ്യമായ മറ്റൊന്ന് മാത്രം.

ഇങ്ങനെയൊക്കെയാണെങ്കിൽ പിന്നെ 'അഹദ്' പോരെ; എന്തിനു വാഹിദ്?. എന്ന സംശയമുണ്ടാകും. പക്ഷെ, 'അഹദ്' ശാരീരികമാണ്. 'വാഹിദ്' വിശേഷപരവും. ശരീരത്തിൽ അല്ലാഹു 'ഒന്ന്' മാത്രമാണ്. ഇത്കൊണ്ട് തന്നെ അവൻ പിതാവാകുന്ന പ്രശ്നമില്ല. പിതാവിനു പിതൃത്വത്തിന്റെ ബീജം വേണം. ഈ ബീജവും തന്റെ ശരീരവും ചേർന്നാൽ രണ്ടായി. ഒന്നല്ല. ഇതുപോലെ അവൻ സന്താനമാകുന്ന പ്രശ്നവുമില്ല. കാരണം, ബീജവും അണ്ഡവും ചേർന്നതാണ് സന്താനം; ഒന്നല്ല. പിതാവാകാൻ പുത്രൻ വേണം; പുത്രനാകാൻ പിതാവും വേണം. ചുരുക്കത്തിൽ അല്ലാഹു പൂർണ്ണാർത്ഥത്തിൽ ശാരീരികമായി ഒറ്റ-ഒന്ന്-ആയതിനാൽ പിതൃത്വപരമായി ആശ്രയനോ ആശ്രിതനോ അല്ല. അതായത് താനുണ്ടാക്കിയതെല്ലാം തന്റെ 'കമ്പനി' ഉൽപന്നങ്ങളാണ്. കുടുംബമല്ല; ഇതാണ് അഹദിയ്യ. വാഹിദ് വിശേഷപരമെന്ന് പറഞ്ഞല്ലോ; ശക്തി, നിർമാണം, കാഴ്ച, കേൾവി, അറിവ്, പ്രവർത്തി ഇതെല്ലാം 'തടി'യുടെ വിശേഷമാണ്. അഥവാ ശരീരമില്ലാതെ, ശരീരത്തിന്റെ കൂടെയല്ലാതെ ഇവക്ക് സ്വന്തമായ നിലനിൽപ്പില്ല. എന്നാൽ ഈ ഗുണങ്ങളെല്ലാം ഏറ്റവ്യത്യാസത്തോടെ എല്ലാ ശരീരങ്ങളിലും പ്രകടമാണ്. പക്ഷെ, അല്ലാഹുവിന്റെ ശക്തിയോ മറ്റോ തത്തുല്യമോ ആർക്കും ഒന്നിനുമില്ല. അതൊക്കെ അവൻ നൽകുന്നതാകയാൽ അവർക്ക് സ്വന്തമായൊന്നുമില്ല. എങ്കിൽ ഈ വിശേഷങ്ങളെല്ലാം-അതിൽ ഓരോന്നും-ഉള്ളത് അല്ലാഹുവിനു മാത്രമാണ്.

ഇത്പോലെയാണ് സൃഷ്ടികളുടെ പ്രവർത്തനവും; അതെല്ലാം അല്ലാഹുവിന്റെ മാത്രം സംവിധാനമാണ്. മേലെ നിന്ന് താഴോട്ട് ചാടുന്നവൻ ഭൂമിയിൽ പതിക്കുന്നത് അല്ലാഹു ഉണ്ടാക്കിയ അന്തരീക്ഷ വായു നിയമപ്രകാരമാണ്. ഇവനെയും മറ്റെല്ലാം ഉണ്ടാക്കിയ

വനും അവൻ തന്നെ. അതിനാൽ ഫലത്തിലും അന്തിമ വിശകലനത്തിലും 'പ്രവർത്തകൻ' അല്ലാഹു തന്നെ. മറ്റാരുമല്ല. ഇതാണ് 'അല്ലാഹു ശരീരത്തിലും വിശേഷങ്ങളിലും പ്രവർത്തികളിലും ഒരുവൻ'(വാഹിദ്) എന്നതിന്റെ ചുരുക്കം. ഇത് മനസ്സിലാക്കിക്കഴിഞ്ഞാൽ പിതൃ, മാതൃ, പുത്ര ദൈവങ്ങൾക്കൊന്നും ഒരു പ്രസക്തിയുമില്ല. അല്ലാഹുവിന് തുല്യരുമില്ല. ഇതാണ് അധ്യായത്തിന്റെ ഉള്ളടക്കം. അല്ലാഹു നമ്മെ തൗഹീദിൽ അടിയുറപ്പിക്കട്ടെ, ആമീൻ.

# അൽ ഫലഖ്

അധ്യായം : 113 , ക്രമം : 20 , ' അൽ ഫീലി'നു ശേഷം , മക്കീ , സൂക്ത ങ്ങൾ : 5

ഉഖ്ബതുബ്നു ആമിർ ( റ ) ഉദ്ധരിക്കുന്നു : ' നബി ( സ്വ ) പറഞ്ഞു ; ഇന്നലെ രാത്രി അവതരിപ്പിക്കപ്പെട്ട ഏതാനും സൂക്തങ്ങൾ താങ്കൾ

കണ്ടുവോ ; അതുപോലുള്ളത് തീരെ കണ്ടിട്ടില്ല ; ' ഖുൽ അഊദു ബിറബ്ബിൽ ഫലഖ് , ഖുൽ അഊദു ബിറബ്ബിന്നാസ് ' ( മുസ്ലിം ) .

വീണ്ടും ഉഖ്ബ 'നബി ( സ്വ ) പറഞ്ഞു ; ഉഖ്ബാ ! തനിക്ക് ഞാൻ രണ്ട് അധ്യായം പഠിപ്പിച്ചു തരട്ടെയോ ? ജനങ്ങൾ ഓതിയ ഏത് രണ്ട് അധ്യായത്തേക്കാളും ഉത്തമമാണവ'; എന്നിട്ട് ' ഖുൽ അഊദു ബിറബ്ബിൽ ഫലഖും ഖുൽ അഊദു ബിറബ്ബിന്നാസും ' ഓതിത്തന്നു. ശേഷം നടന്ന നിസ്കാരത്തിൽ അത് രണ്ടും അവിടന്നു ഓതി ; എന്നോട് ഇങ്ങനെ പറയുകയും ചെയ്തു; ' ഉഖ്ബഃ താങ്കൾ എന്ത് വിചാരിക്കുന്നു ; ഇത് രണ്ടും ഉറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും ഓതുക' ( അഹ്മദ് , മുസ്ലിം , തുർമുദി ) .

ആഇശഃ ( റ ) ഉദ്ധരിക്കുന്നു ; ' നബി ( സ്വ ) അസുഖബാധിതനായാൽ സ്വയം ' മുഅവ്വിദതയിനി ' ( കാവൽ നൽകുന്ന രണ്ട് അധ്യായങ്ങൾ - ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ്) ഓതി ഊതാറുണ്ട്. അസുഖം മൂർഛിച്ചാൽ ഞാൻ അവ ഓതി നബിയുടെ തന്നെ കൈകൊണ്ട് നബിയെ തടവും. തന്റെ കയ്യിന്റെ അനുഗ്രഹം ആഗ്രഹിച്ചുകൊണ്ട്' (ബുഖാരി, മുസ്ലിം, നസാഈ). അബൂസഈദ്(റ) പറയുന്നു: ' ഭൂതങ്ങളുടെ കണ്ണി' നും മനുഷ്യരുടെ 'കണ്ണി'നും) മന്ത്രിക്കാറുണ്ട്. 'മുഅവ്വിദത്താനി' അവതരിച്ചപ്പോൾ അത് രണ്ടുമാണ് അവിടന്നു ഉപയോഗിച്ചത്. അത് രണ്ടുമല്ലാത്തത് ഉപേക്ഷിച്ചു' (തുർമുദി, നസാഈ, ഇബ്നുമാജ).

കണ്ണേറാണ് ഇവിടെ 'കണ്ണ്'.

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരു നാമത്തിൽ

قُلْ أَعُوذُ بِرَبِّ الْفَلَقِ

താങ്കൾ പറയുക; 'സൃഷ്ടികളുടെ രക്ഷിതാവോട് ഞാൻ കാവൽ ചോദിക്കുന്നു.'( 1 )

**രണ്ട്**

مِنْ شَرِّ مَا خَلَقَ

താൻ സൃഷ്ടിച്ചതിന്റെ ദോഷത്തിൽ നിന്ന്.(2)

**മൂന്ന്**

وَمِنْ شَرِّ غَاسِقٍ إِذَا وَقَبَ

രാത്രിയുടെ ദോഷത്തിൽ നിന്നും; അത് ഇരുട്ടിയാൽ.(3)

**നാല്**

وَمِنْ شَرِّ النَّفَّاثَاتِ فِي

കെട്ടുകളിൽ ഊതുന്നവയുടെ ദോഷത്തിൽ നിന്നും.(4)

**അഞ്ച്**

وَمِنْ شَرِّ حَاسِدٍ إِذَا حَسَدَ

അസൂയക്കാരന്റെ ദോഷത്തിൽ നിന്നും; അവൻ അസൂയാലുവായാൽ.(5)

1ൽ 'ഫലഖി'നു സൃഷ്ടി, പ്രഭാതം, നരകത്തിലെ പ്രത്യേക ഗർത്തം, നരകം എന്നൊക്കെ വ്യാഖ്യാനമുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണല്ലോ. ഇവ അടക്കമുള്ള പല സൃഷ്ടികൾക്കും അവയുടേതായ ദോഷമുണ്ടാകാം. ദോഷം ആപേക്ഷികമാണ്. ചൂടും തണുപ്പും പോലെ, ഇത് രണ്ടും ചിലർക്ക് ഗുണവും മറ്റു ചിലർക്ക് ദോഷവുമാണ്. ദോഷം മാത്രമുള്ള ഒന്നുമില്ല. ദോഷം ഗുണമാക്കാൻ പ്രാർഥനയും പ്രവർത്തനവുംകൊണ്ട് സാധിക്കും. ഇതുകൊണ്ടാണ് 'സൃഷ്ടിയുടെ ദോഷത്തിൽ നിന്നു' എന്നു പറയുന്നത്. 'സൃഷ്ടിയിൽ നിന്നു' എന്നല്ല. കാരണം, അല്ലാഹുവിന്റെ എല്ലാ സൃഷ്ടിയും ഇവിടെ വേണം. അവയുടെ ഗുണം നാം ഉപയോഗപ്പെടുത്തണം. ദോഷം ഒഴിവാക്കുകയും വേണം. കരിമ്പിന്റെ കമ്പും മത്സ്യത്തിന്റെ മുള്ളും പോലെ; ഏതിനും അതിന്റേതായ ഗുണമുണ്ടെന്നും അത് സൃഷ്ടികൾ ഉപയോഗപ്പെടുത്തണമെന്നും പ്രത്യേകം സൂചിപ്പിക്കാനാണ് 2 തുടങ്ങി 4 സൂക്തങ്ങളിൽ 'ശർറ്' എന്ന പദം കൊണ്ടു വന്നത്. അഥവാ 'ശർറ്' ഒഴിവാക്കുകയും ഗുണം ഉൾക്കൊള്ളുകയും വേണമെന്ന് തന്നെ. അല്ലാതെ അല്ലാഹുവിന്റെ ഒരു സൃഷ്ടിയെയും പാടേ എഴുതി തള്ളരുത്.

'ഗാസിഖ്' രാത്രിയാണ്. അതായത് ഇരുണ്ടത്. രാത്രിക്ക് കുഴപ്പമില്ല. എന്നുവേണ്ട ഉറക്കിനും സമാധാനത്തിനും അനിവാര്യവുമാണ്. പക്ഷേ, ഇരുട്ടിന്റെ മറവിൽ അക്രമികളും പിടിമൃഗങ്ങളും മറ്റും പ്രത്യക്ഷപ്പെടും. ഇതിനാണ് കാവൽ ചോദിക്കുന്നത്.

കെട്ടുകളിൽ ഊതുന്നത് മാരണക്കാരും മാന്ത്രികരുമാണ്. ലബീദുബ്നു അഅ്സ്വം എന്ന ജൂതൻ മാരണം ചെയ്തു നബിയെ അസു ഖബാധിതനാക്കിയപ്പോഴാണിത് അവതരിക്കുന്നത്. നബിയുടെ ആദർശം വിജയിക്കുന്നതിലുള്ള അസൂയയായിരുന്നു കാരണം ഇതാണ് 4,5-ൽ കാണുന്നത്.

ലബീദുബ്നു അഅ്സ്വമും തന്റെ പെൺമക്കളും ചേർന്നാണ് നബിക്കെതിരിൽ മാരണം ചെയ്തത്. അവർ മാരണത്തിനുപയോഗിച്ച വസ്തുക്കളിൽ ഊതിയിരുന്നു. ഇതുകൊണ്ടാണ് 'നഫ്ഫാസാത്ത്' എന്നു സ്ത്രീലിംഗ ബഹുവചനം പ്രയോഗിച്ചത്. നബിക്ക് പരിചാരകനായി ഒരു ജൂത ബാലനുണ്ടായിരുന്നു. അവനെ അവർ വശീകരിച്ചു. നബി തല വാർന്നിരുന്ന ചീർപ്പിന്റെ കഷ്ണവും അതിൽ പറ്റിപ്പിടിച്ച ഏതാനും മുടികളും കൈവശപ്പെടുത്തി. അതാണ് മാരണത്തിനു ഉപയോഗിച്ചത്. അവ ഒതുക്കിവച്ചു അതിൽ ഈത്തപ്പനപ്പാളയിൽ നിന്നെടുത്ത ആൺപൊടി വിതറി പ്രത്യേക രാസപ്രവർത്തനം

നടത്തി കിരണങ്ങൾ പുറപ്പെടുവിക്കുകയായിരുന്നു അവർ. ഇതേ കിരണങ്ങൾ മുടിയുടെയും ചീർപ്പിന്റെയും ഉടമയെ തേടിയെത്തും. മൊബൈൽ സന്ദേശ കിരണങ്ങൾ പോലെ. തുടർന്നു തലവേദനയുണ്ടാകും. അങ്ങനെ വ്യക്തി പ്രവർത്തനരഹിതനാകും. ഇത് അക്കാലത്തെ റിമോട്ട് കൺട്രോളറാണ്. ശാസ്ത്രീയം തന്നെ.

പൊടികളും മറ്റും കഷണങ്ങളുടെ എല്ലാ ഭാഗത്തും എത്തുന്നത് ഊതിയാണ്. എന്നിട്ടത് പ്രത്യേകം വില്ല് കൊണ്ട് കെട്ടി ബന്ധിക്കും. ആ കെട്ടുകളിലും പൊടിയും മറ്റും വിതറും. അതും ഊതി വ്യാപിപ്പിക്കും. എന്നിട്ട് രഹസ്യമായി കുഴിച്ചിടും. അവർ കുഴിച്ചിട്ടത് ബനൂസുറൈഖ് ഗോത്രക്കാരുടെ 'ദർവാൻ' എന്ന കിണറിലാണ്. അടിയിലെ പാറക്കല്ലിനു താഴെ. അങ്ങനെ നബി അസുഖം ബാധിച്ചു. ചില കാര്യങ്ങൾ ചെയ്തതായി നബിക്ക് തോന്നും. എന്നാൽ ചെയ്തിട്ടുണ്ടാകില്ല. ദിവസങ്ങളോളം ഇങ്ങനെ ഒരവസ്ഥ നബിയെ പിടികൂടി; ശരീരം ക്ഷീണിച്ചു.

ശേഷം ഇക്കാര്യം സ്വപ്നത്തിലൂടെ മാലാഖമാർ നബിയെ അറിയിച്ചു. കിണറും തൊണ്ടി സാധനങ്ങളും വിശദമായി അവർ പറഞ്ഞുകൊടുത്തു. അങ്ങനെ അലി, സുബൈർ, അമ്മാർ എന്നിവരെ അതെടുത്ത് കൊണ്ടുവന്നു നശിപ്പിക്കാൻ നബി(സ്വ) നിയോഗിച്ചു. അവർ പോയി പാറ പൊക്കി സാധനങ്ങൾ കൊണ്ടുവന്നു. അപ്പോഴാണ് രണ്ട് അധ്യായവും അവതരിച്ചത്. ഇത് രണ്ടും ഓതി ഓരോ കെട്ടും അഴിക്കും തോറും നബിക്ക് ആശ്വാസമായി; കൂടാതെ ജിബ്രീൽ(അ) നബിയെ മന്ത്രിക്കുകയും ചെയ്തു. എല്ലാ കെട്ടും അഴിച്ചു നശിപ്പിച്ചപ്പോൾ നബി (സ) പൂർവസ്ഥിതി പ്രാപിച്ചു.

ചുരുക്കത്തിൽ 'മാരണം' എന്ന വസ്തുത അനിഷേധ്യമാണ്. മറ്റുള്ളവരെ അക്രമിക്കുന്ന മാരണം വമ്പിച്ച തെറ്റുതന്നെ. അങ്ങനെ ഒന്നില്ലെന്നു പറയുന്നത് ശാസ്ത്രീയ ജ്ഞാനം ഇല്ലാത്തതുകൊണ്ടാണ്. കണ്ണേറും തഥൈവ. കണ്ണിൽ നിന്നു പ്രത്യേക കിരണങ്ങൾ വസ്തുവിലേക്ക് പ്രവഹിക്കും. തന്നിമിത്തം അത് നശിക്കും; വികൃതമാകും. ശാസ്ത്രത്തിലും പ്രമാണങ്ങളിലും അവഗാഹം നേടാത്തവർ ഇതൊക്കെ നിഷേധിക്കും. മേൽ സംഭവുമായി ബന്ധപ്പെട്ട വിവിധ ഹദീസുകൾ 'കിതാബു ത്ത്വിബ്ബി' (ചികിത്സയുടെ ഗ്രന്ഥം) ലുണ്ട്. 'മാരണം നിഷ്ഫലമാക്കുന്നെന്ന' അധ്യായത്തിലാണ് ഇമാം ബുഖാരി 'സ്വഹീഹി'ൽ ഉദ്ധരിച്ചത്. ഹദീസ് നമ്പർ : 5763, 5765, 5766, ശറഹു മുസ്ലിം: 7/430-432 നോക്കുക.

തനിക്ക് മാരണം ചെയ്തവനെ വധിക്കണമെന്നു ചിലർ സൂചിപ്പിച്ചെങ്കിലും നബി അനുവദിച്ചില്ല. ആ സമയത്ത് ജൂതരും അൻസ്വാറുകളും സഖ്യത്തിലാണ്. എങ്കിൽ മാരണം ചെയ്ത ജൂത കുടുംബത്തെ വല്ലതും ചെയ്യുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കാൻ കാരണമാകും. അവിടന്നു തന്നെ ഇത് പറഞ്ഞു. തന്നെയുമല്ല ഇതൊരു രഹസ്യ സംഭവമാണ്. ദൈവ സന്ദേശംകൊണ്ടാണ് നബി അറിഞ്ഞത്. അതുപ്രകാരം മാത്രം ജൂത കുടുംബത്തിനെതിരിൽ നടപടി സ്വീകരിക്കാൻ പൊതു അംഗീകാരം ലഭിക്കില്ല. മാത്രമല്ല, സ്വന്തം കാര്യത്തിനുവേണ്ടി ശിക്ഷാനടപടി നബി സ്വീകരിക്കാറുമില്ല. ജൂതൻ താമസിയാതെ മരണപ്പെട്ടെന്നുണ്ട്. ഇത് അല്ലാഹുവിന്റെ ശിക്ഷയാകാം. ഇബ്നു കസീർ: 4/615 നോക്കുക.

നബിക്ക് മാരണം ബാധിച്ചത് 'താങ്കളെ അല്ലാഹു സംരക്ഷിക്കു' (മാഇദ:67) മെന്നു പറഞ്ഞതിനെതിരല്ല. താങ്കൾ കൊല്ലപ്പെടുകയോ പ്രബോധനം തടയപ്പെടുകയോ ആദർശം പരാജയപ്പെടുകയോ ഇല്ലെന്നാണ് ഇതിനർഥം.

ഒരു മാരണത്തെ നിഷ്ഫലമാക്കി ബന്ധപ്പെട്ടവരെ സഹായിക്കാൻ മറുമാരണം ചെയ്യാം, ബഹുദൈവ വിശ്വാസവുമായി ബന്ധപ്പെട്ടതോ അർത്ഥമറിയാത്ത വാചകങ്ങൾ ഉൾക്കൊള്ളുന്നതോ ആയ മന്ത്രങ്ങൾ അനുവദനീയമല്ല. ഇതൊന്നുമല്ലാതെ 'തന്റെ സ് നേഹിതനു ആശ്വാസം നൽകുന്ന ഏത് മന്ത്രവും തന്ത്രവും ആവാമെന്നാണ് നബി(സ) പറഞ്ഞത്. മുസ്ലിം: ഹദീസ് നമ്പർ: 2199 നോക്കുക.

## അന്നാസ്

അധ്യായം: 114, ക്രമം: 21, മക്കി, 'അൽഫലഖി'നു ശേഷം, സൂക്തങ്ങൾ: 6

**സൂക്തം ഒന്ന്**

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

കാരുണികനും കരുണാനി ധിയുമായ അല്ലാഹുവിന്റെ തിരു നാമത്തിൽ

قُلْ أَعُوذُ بِرَبِّ النَّاسِ

താങ്കൾ പറയുക; ജനരക്ഷിതാവോട് ഞാൻ കാവൽ ചോദിക്കുന്നു.(1)

**രണ്ട്**

مَلِكِ النَّاسِ

ജനരാജനോട്.(2)

**മൂന്ന്**

إِلَٰهِ النَّاس

അതേ ജനാരാധ്യനോട്.(3)

**നാല്**

مِن شَرِّ الْوَسْوَاسِ الْخَنَّاسِ

ദുർബോധകനായ പിശാചിന്റെ ദോഷത്തിൽ നിന്ന്. (4)

**അഞ്ച്**

الَّذِي يُوَسْوِسُ فِي صُدُورِ النَّاس

ജനഹൃദയങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന (5)

**ആറ്**

مِنَ الْجِنَّةِ وَالنَّاسِ

ജനങ്ങളിലും ഭൂതങ്ങളിലുമുള്ള(6)

ഓരോ മനുഷ്യനു കൂടെയും മാലാഖയുടെയും പിശാചിന്റെയും സാന്നിധ്യമുണ്ട്. ഇത് ന ബി (സ) പറഞ്ഞപ്പോൾ അനുയായികളിൽ ചിലർ ചോദിച്ചു: 'നബിയേ , താങ്കളുടെ കൂടെയും പിശാചിന്റെ സാന്നിധ്യമുണ്ടോ?' നബി(സ) :'അതേ, എന്റെ കൂടെയുമുണ്ട്. പക്ഷേ, അവനെതിരിൽ അല്ലാഹു എന്നെ സഹായിച്ചിട്ടുണ്ട്. (ബുഖാരി). ശാസ്ത്ര വീക്ഷണത്തിൽ മാലാഖ, പോസിറ്റീവും പിശാച്, നെഗറ്റീവും ചാർജുകളാകാം.

പിശാച് മനുഷ്യനെ പലവിധത്തിലും ചിന്തിപ്പിക്കും; ദുർബോധനം നടത്തും. ഇതേപറ്റി മനുഷ്യൻ സ്വയം ബോധവാനാകണം. ചിലപ്പോൾ സ്നേഹിതന്മാർ അദ്ദേഹത്തെ ബോധവാനാക്കേണ്ടിവരും. ദുഷിച്ച ചിന്ത മുളയിൽ തന്നെ നുള്ളിക്കളയണം. നബി (സ) രാത്രി പള്ളിയിൽ ഭജനമിരിക്കുകയായിരുന്നു. പെട്ടെന്നെന്തോ ആവശ്യം വന്നപ്പോൾ ഭാര്യ സഫിയ്യഃ ബീവി പള്ളിയിൽ വന്നു നബിയെ സന്ദർശിച്ചു. അവർ മടങ്ങിപ്പോകുമ്പോൾ നബിയും പോയി. രാത്രി വൈകിയതാണ് കാരണം. അപ്പോൾ അൻസ്വാറുകളിൽപ്പെട്ട രണ്ടുപേർ ഇവരെ കണ്ടു. കണ്ടപാടേ അവർ പെട്ടെന്നു നടന്നു നീങ്ങി; നബി അവരെ വിളിച്ചു നിൽക്കാൻ പറഞ്ഞു; നിന്നു. അവിടന്നു പറഞ്ഞു: 'ഇത് എന്റെ ഭാര്യ സഫിയ്യഃയാണ് കേട്ടോ.' അവർ: 'സുബ്ഹാനല്ലാഹ്; പ്രവാചകരേ? (അങ്ങയെ ഞങ്ങൾ സംശയിക്കുകയോ). നബി(സ);' പിശാച് മനുഷ്യനിൽ രക്തം നടക്കുന്നിടത്തെല്ലാം പ്രവർത്തിക്കും, നിങ്ങളുടെ ഹൃദയങ്ങളിൽ അവൻ തെറ്റായ വല്ല ധാരണയും കുത്തിവച്ചാലോ എന്നു ഞാൻ ഭയന്നു' (ബുഖാരി, മുസ്ലിം).

പിശാച് ബാധയേറ്റ മനുഷ്യൻ ഫലത്തിൽ പിശാച് തന്നെയാണ്. 'പരസ്പരം ഊഹാപോഹങ്ങൾ പരത്തുന്ന, തെറ്റായ സന്ദേശങ്ങൾ നൽകുന്ന മനുഷ്യ, ഭൂത പിശാചുക്കൾ എല്ലാ പ്രവാചകന്മാരുടെ സമുദായത്തിലുമുണ്ടെ'ന്നു ഖുർആൻ (അൻആം:12) വ്യക്തമാക്കിയിട്ടുണ്ടല്ലോ. അവർ തക്കം പാർത്തിരിക്കുകയാണ്. ഇതാണ് നബി (സ) മേൽ പ്രകാരം സ്വഹാബിമാരെ ഉണർത്തിയത്.

നിസ്കരിക്കുന്ന സമയത്ത് മനുഷ്യനെ ശല്യം ചെയ്യാനായി തങ്ങളിൽ ഒരുത്തനെ പിശാചുക്കൾ നിയോഗിക്കാറുണ്ട്. വലിയ സൂക്ഷ്മശാലികളെയാണ് ഇയാൾ പിടികൂടുക. ഈ പാവങ്ങൾ 'അല്ലാഹു അക്ബർ' പൂർണ രൂപത്തിൽ ഉച്ചരിക്കാൻ വേണ്ടി 'അ, അ, അല്ലാഹു.....' പറയും. ഇപ്പോൾ 'അല്ലാഹു ഏറ്റവും വലിയവനാണോ?' എന്നായി അർഥം. ഇതുകേട്ട് ആ പഹയൻ പൊട്ടിച്ചിരിക്കും. ഇതുകൊണ്ടാണ് നിസ്കാരത്തിന്റെ ആദ്യത്തിൽ ഇങ്ങനെ പ്രാർഥിക്കാൻ നബി (സ) കൽപിച്ചത്; (പടച്ചവനേ, പിശാചുക്കളുടെ 'ഹംസഃ'കളിൽ നിന്നു ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു). 'ഹംസഃ' പിശാചിന്റെ സമർദ്ദമാണ്. 'അ' എന്ന 'ഹംസഃ' പലതവണ പറയിപ്പിക്കുന്നതും സമ്മർദ്ദം തന്നെ.

നിസ്കാരം ആരംഭിച്ചു കഴിഞ്ഞാൽ മനുഷ്യനെ ശാരീരികമായി പിശാച് ക്ഷീണിപ്പിക്കും. അപ്പോൾ മനുഷ്യൻ 'ഹാ' കോട്ടുവായി ടും. ഇതുകേട്ട് ആ ഹംഖ് പിന്നെയും ചിരിക്കും. ഇങ്ങനെ കുറെ തെണ്ടികൾ അക്കൂട്ടത്തിലുണ്ട്. ഇവരിൽനിന്നും മറ്റും കാവൽ ചോദിക്കാനാണ് ഈ അധ്യായം പ്രത്യേകം നിർദേശിക്കുന്നത്.

നാം ചെയ്യുന്ന സുകൃതങ്ങൾ ചിലപ്പോൾ ശരിയായില്ലെന്നു തോന്നി നാം വീണ്ടും ചെയ്യും. ഇത് നമ്മുടെ സമയം കളയാൻ ഏതോ പിശാച് ഹൃദയത്തെ സ്വാധീനിച്ചതാകും. മഗ്രിബിന്റെ സമയമാകുംവരെ 'അസ്വ്റിനു വേണ്ടി വുളൂഅ്' ചെയ്ത 'വസ്വാസു'കാരുണ്ട്. ഇങ്ങനെ വീണ്ടും ചെയ്യാൻ തോന്നുന്നവർ ' അല്ലാഹുവോട് കാവൽ ചോദിച്ചു ബാക്കി കാര്യങ്ങൾ ചെയ്യണമെന്നും എല്ലാം അല്ലാഹുവിൽ അർപ്പിക്കണമെന്നുമാണ് നബി (സ) നിർദേശിച്ചിട്ടുള്ളത്. നാം അറിയാതെ പിശാചിനെ തൃപ്തിപ്പെടുത്തരുതെന്നർഥം. ഈ മൂന്ന് അധ്യായങ്ങൾ കൊണ്ട് ഖുർആൻ അവസാനിപ്പിച്ചതിൽ ഒരു വലിയ ആശയം പ്രകടമാണ്. അഥവാ ലോക സ്രഷ്ടാവായ ഏക തമ്പുരാനെ സ്വന്തം ബുദ്ധികൊണ്ടോ മറ്റുള്ളവർ മുഖേനയോ ബോധ്യപ്പെടുന്ന മനുഷ്യൻ കുറേ പുണ്യങ്ങൾ സമ്പാദിക്കു ന്നതിലേറെ പ്രാധാന്യം നൽകേണ്ടത് പിശാചിൽ നിന്നും തെറ്റുകുറ്റങ്ങളിൽ നിന്നും മാറിനിൽക്കുന്നതിനാണെന്നു ഇവ സൂചി

പ്പിക്കുന്നു. ഒന്നിൽ അല്ലാഹുവിന്റെ നിർവചനവും രണ്ട്, മൂന്നിൽ കാവൽ ചോദിക്കലുമാണല്ലോ ഉള്ളത്.

നിസ്കാരാദി നിർബന്ധ സുകൃതങ്ങൾ സംബന്ധിച്ച സന്ദേശം ലഭിക്കാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ടവർ ഒന്നു പ്രകാരമുള്ള വിശ്വാസവും രണ്ട്, മൂന്നിൽ പറഞ്ഞ പ്രാർഥനയുമുണ്ടായാൽ രക്ഷപ്പെടാമെന്നാണ് ചുരുക്കം. സന്ദേശം ലഭിക്കാത്ത അവസ്ഥ മുമ്പ് ലോകത്തുണ്ടായിരുന്നെങ്കിൽ ഇനിയുമുണ്ടാകാവുന്നതാണ്. വിശിഷ്യ യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും തുടർച്ചയായി മനുഷ്യനെ വേട്ടയാടുമ്പോൾ; ഒറ്റ'ബോംബ്' കൊണ്ട് തകരാ വുന്നതാണ് ഭൂഗോളം. എങ്കിൽ പിന്നെ ജനിക്കുന്നവർക്ക് സന്ദേശങ്ങൾ ലഭിക്കാൻ എത്രയോ കാത്തിരിക്കേണ്ടിവരും.

മൂന്നിൽ 5 തവണ മനുഷ്യൻ (നാസ്) പറയപ്പെട്ടു. ഇതിൽ ഭൂതങ്ങളും പെടുമെന്നാണ് പണ്ഡിതന്മാർ പറയുന്നത്. പ്രവാചകന്മാർ, ഔലിയാക്കൾ, സജ്ജനങ്ങൾ , സാധാരണ മനുഷ്യർ, ഭൂത മനുഷ്യർ ഇങ്ങനെ അഞ്ച് വിഭാഗത്തെ യഥാക്രമം ഇവിടെ സൂചിപ്പിച്ചി രിക്കുകയാണ്. ഇതിൽ നാലാം വിഭാഗത്തിന്റെ ഹൃദയങ്ങളിലാണ് പിശാചുക്കളും മനുഷ്യരും ദുർബോധനം നടത്തുക. ഇങ്ങനെ നടത്തുന്നവരാണ് 5-ൽ. ആദ്യ മൂന്നു വിഭാഗങ്ങളുടെ ഹൃദയത്തിൽ കടന്നു ചെല്ലാൻ ഇവർക്ക് സാധ്യമല്ല. കാരണം, അവരുടെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ 'ദിക്റ്' എപ്പോഴും നിറഞ്ഞുനിൽക്കും.

ഒന്നാം വിഭാഗം പൂർണമായി അല്ലാഹുവിന്റെ 'തർബിയത്തി (പരിപാലനം)ലാണ്. അവരിൽ നിന്നു അരുതാത്തതൊന്നും സംഭവിക്കാൻ സാധ്യതയില്ല. 'റബ്ബ്' രക്ഷിതാവ്, പരിപാലകൻ എന്ന പദം ഒന്നിൽ കൊണ്ടുവന്നതിതാണ്. രണ്ടാം വിഭാഗം അല്ലാഹുവിനു വേണ്ടി ഉത്തരവാദിത്ത്വങ്ങൾ ഏറ്റെടുത്തു നടത്തുന്നവരാണ്; രാജാവിനു കീഴിലുള്ള ഉദ്യോഗസ്ഥരെ പോലെ. ഇതുകൊണ്ടാണ് രണ്ടിൽ മലിക് (രാജൻ) കൊണ്ടുവന്നത്. മൂന്നാം വിഭാഗം സജ്ജനങ്ങളാണ്. അവരെ പ്രത്യേകിച്ചു ഉത്തരവാദിത്തമൊന്നും അല്ലാഹു ഏൽപ്പിച്ചിട്ടില്ല. പക്ഷേ, സൃഷ്ടിയുടെ ലക്ഷ്യം അവർ നിറവേറ്റും. അതാണ് ആരാധന എന്ന ഇബാദത്ത്. അത് തങ്ങളുടെ ഇലാഹായ അല്ലാഹുവിനു മാത്രമേ അവർ നൽകൂ; ഏകദൈവ വിശ്വാസവും ബന്ധപ്പെട്ട സുകൃതങ്ങളും അവരിൽ നിറഞ്ഞുനിൽ ക്കുന്നു. 3-ൽ ' ഇലാഹ്' (ആരാധ്യൻ) കൊണ്ടുവന്നത് ഇങ്ങനെയാണ്. നാല്, അഞ്ചിൽ ദുർബോധകരും ദുർബോധിതരുമാണ് പറയപ്പെടുന്നത്. ഏതാകട്ടെ ഇവർ മുമ്പുള്ളവരെ പിന്തുടർന്നു അടിസ്ഥാന വിശ്വാസവും പിശാചിൽ നിന്നു രക്ഷയും നേടിയാൽ രക്ഷപ്പെടും. റബ്ബ്, മലിക്, ഇലാഹ് ഈ മൂന്നും അല്ലാഹുവിന്റെ വിശേഷങ്ങളാണ്.

ഇനി 1,2,3 സൂക്തങ്ങൾ യഥാക്രമം മനുഷ്യന്റെ കുട്ടി, യുവാവ്, വൃദ്ധൻ എന്നീ മൂന്നവസ്ഥകൾ ഉദ്ദേശിച്ചാകാം. കുട്ടിയെ പോറ്റിവളർത്തുന്ന 'റബ്ബ്' യുവാവിനെ ഭരിക്കുന്ന 'രാജാവ്', വൃദ്ധനെ ആരാധനയിൽ തന്നിലേക്ക് ഉയർത്തുന്ന 'ഇലാഹ്' എന്നീ വിശേഷങ്ങൾ ഇതോട് യോജിക്കുന്നുണ്ടല്ലൊ.

ഇങ്ങനെ വിലയിരുത്തുമ്പോൾ ഈ മൂന്നു സൂക്തങ്ങൾ പൂർണ്ണമായും ജനകീയമാണ്. ജനങ്ങളെയെല്ലാം അല്ലാഹു ഉൾക്കൊള്ളുന്നു. ആരെയും അവൻ മാറ്റിനിർത്തുന്നില്ല. അതിനാൽ ശാശ്വത രക്ഷക്ക് അവർ അവനുമായി അടുക്കണം, അവനിൽ അഭയം പ്രാപിക്കുകയും വേണം എന്നു ഇവ ചൂണ്ടിക്കാണിക്കുന്നു. ഇത് സ്വാഗതാർഹമായ പര്യവസാനമാണ്; സുബ്ഹാനല്ലാഹി വബിഹംദിഹീ.

'അൽ വസ്‌വാസിൽ ഖന്നാസ്' എന്നതിന്റെ വ്യാഖ്യാനത്തിൽ ഇബ്നു അബ്ബാസ് (റ) പറഞ്ഞു: 'മനുഷ്യന്റെ ഹൃദയത്തിൽ പിശാച് കയറിയിരിക്കും; മനുഷ്യൻ അല്ലാഹുവെ ഓർക്കുന്നില്ലെങ്കിൽ

ദുർബോധനങ്ങൾ മനസ്സിലിട്ട് കൊടുക്കും. അല്ലാഹുവെ ഓർത്ത് 'ദിക്ർ' നിർവഹിച്ചാൽ അവൻ ഓടിമറിയും. ഇബ്നു കസീർ: 4/ 215216 നോക്കുക.

മനസ്സിന്റെ സമാധാനം അല്ലാഹുവിന്റെ അനുഗ്രഹമാണ്. സമാധാനം നഷ്ടപ്പെടുമ്പോൾ പല ചികിത്സകളുമായി പിശാച് ഓടിയെത്തും. അതൊക്കെയും വിഷലിപ്തങ്ങളാകും. ഈമാനികമായി ആരോഗ്യമുള്ള മനസ്സിൽ എപ്പോഴും സമാധാനമുണ്ടാകും. ഇതാണ് അല്ലാഹു പറഞ്ഞത്; 'അറിയുക, അല്ലാഹുവിന്റെ സ്മരണ-ദിക്റ്-കൊണ്ട് മാത്രമേ ഹൃദയങ്ങൾ സമാധാനിക്കൂ' (റഅ്ദ്: 28) , അവസാന മടക്കം അല്ലാഹുവിലേക്ക് മാത്രം (നജ്മ്: 42).